# ദി ഡിഫെൻഡർ

Vol. No. 10 Issue No. 23 RNI Reg. No. 68089 / 97 Published From Perumbavoor 2007 December 1 Price: Rs.100/- P.A.


## ഡിഫെൻഡർ 11-ാം വയസ്സിലേക്ക്

പ്രതിബന്ധങ്ങളെ അതിജീവിച്ചുകൊണ്ട് ഡിഫെൻഡർ 11-ാം വയസ്സിലേക്ക് കടക്കുകയാണ്. 1997 ഡിസംബർ ആദ്യവാരമാണ് ഡിഫെൻഡർ പ്രസിദ്ധീകരണം ആരംഭിച്ചത്. ഒരു ലക്കം പോലും മുടങ്ങാതെ, ഒരു ദിവസത്തെ കാലതാമസംപോലും ഉണ്ടാകാതെ എല്ലാ ലക്കങ്ങളും ഇറക്കാൻ കഴിഞ്ഞു എന്നത് ചെറിയ കാര്യമല്ല.

എല്ലാവിധ പ്രതിബന്ധങ്ങളേയും നേരിട്ടുകൊണ്ടാണ് ഡിഫെൻഡർ ഇത്രക്കാലവും പിടിച്ചുനിന്നത്. എങ്ങനെയെങ്കിലും ഡിഫെൻഡർ പൂട്ടിച്ചേ അടങ്ങൂ എന്ന വാശിയോടെ പോരാടിയവർ നിരവധി. ഡിഫെൻഡർ നിന്നുപോകാൻ നൂറുകണക്കിനാളുകൾ ഉപവസിച്ചു. സിവിലും ക്രിമിനലുമായി കുറെ കേസ്സുകളുണ്ടായി. ഡിഫെൻഡറിന്റെ എഡിറ്ററേയും മകനേയും കള്ളക്കേസ്സിൽ കുടുക്കി ജയിലിലിലാക്കാൻ വരെ ചിലർക്കു കഴിഞ്ഞു. പക്ഷേ ഡിഫെൻഡർ ഇന്നും നിലനിൽക്കുന്നു. ഒരു ലക്കംപോലും മുടങ്ങാതെ പ്രസിദ്ധീകരണം തുടരുന്നു.

പ്രജാപതിയെന്ന അന്യദൈവത്തെയും അവന്റെ ആരാധകരേയും എതിർത്തുകൊണ്ടാണ് ഡിഫെൻഡർ രംഗത്തു വന്നത്. രണ്ടുവർഷത്തെ പരിശ്രമം കൊണ്ട് പ്രജാപതിയെ പുറത്താക്കാൻ ഡിഫെൻഡറിന് കഴിഞ്ഞു. കോശി ഏബ്രഹാം, ജെ.സി.ദേവ്, പടിഞ്ഞാറേക്കര തുടങ്ങിയവർ പ്രജാപതിയെ ഉയിർപ്പിക്കാൻ നടത്തിയ ശ്രമങ്ങൾ വിജയിച്ചിട്ടുമില്ല. ഇനി ഒരിക്കലും ഉയിർക്കാത്ത വിധത്തിൽ പ്രജാപതിയെ നിർമ്മൂലമാക്കാൻ ഡിഫെൻഡറിന് കഴിഞ്ഞൂ എന്നത് ചെറിയകാര്യമല്ല.

പ്രജാപതിയെ തകർത്ത ശേഷം ഡിഫെൻഡർ പെന്തക്കോസ്തിലെ കള്ളൻമാർക്കെതിരെ പോരാടുന്നതിൽ ശ്രദ്ധിച്ചു. ടി.എസ്.ഏബ്രഹാം, കെ.സി. ജോൺ, ടി.ജി.കോശി, ടി.പി.ഏബ്രഹാം, സുരേഷ് ബാബു, സാമച്ചൻ, തങ്കു തുടങ്ങിയ കള്ളൻമാർക്കെതിരെ ഡിഫെൻഡർ നിരന്തരം പോരാടിക്കൊണ്ടിരിക്കുന്നു. ഇതിന്റെയൊക്കെ ഫലമായാണ് ഡിഫെൻഡറിനെതിരെ കള്ളക്കേസ്സുകളും മറ്റും ഉണ്ടായത്.

ഡിഫെൻഡർ സഹിക്കേണ്ടിവന്നത്ര പ്രതികൂലം ഒരു പെന്തക്കോസ്ത് പത്രവും സഹിക്കേണ്ടതായി വന്നിട്ടില്ല. ഡിഫെൻഡറിനേപ്പോലെ സത്യം തുറന്നു പറയുന്ന മറ്റൊരു പെന്തക്കോസ്ത് പത്രവും നിലവിലില്ല എന്നതുതന്നെ കാരണം. നേതാക്കൻമാരുടെ കാലു തിരുമ്മാൻ ഡിഫെൻഡർ തയ്യാറല്ല. പരസ്യവും മറ്റും കിട്ടാനായി കള്ളൻമാർക്ക് ഓശാന പാടാനും ഡിഫെൻഡർ ഒരുക്കമല്ല. അതുകൊണ്ട് പെന്തക്കോസ്ത് നേതാക്കൻമാർക്ക് ഡിഫെൻഡറിനോട് വിരോധം തോന്നുന്നത് സ്വാഭാവികം.

ഡിഫെൻഡർ 11-ാം വയസ്സിലേക്ക് കടക്കുന്ന ഈ സമയത്ത് പുതിയതായി എന്തെങ്കിലുമൊക്കെ ചെയ്യണമെന്ന് ആഗ്രഹമുണ്ടെങ്കിലും സാമ്പത്തിക ബുദ്ധിമുട്ടുമൂലം ഏറെയൊന്നും ചെയ്യാൻ കഴിയാത്ത സ്ഥിതിയാണുളളത്. ഡിഫെൻഡറിനെ സഹായിച്ചാൽ നരകത്തിൽ പോകുമെന്നാണ് മിക്കവരുടേയും ധാരണ. അതുകൊണ്ട് വലിയ സാമ്പത്തിക ബാദ്ധ്യത ഉണ്ടാകാത്ത എന്തെങ്കിലുമൊക്കെ ചെയ്യാനാണ് പദ്ധതിയിടുന്നത്.

ഇംഗ്ലീഷ് എഡിഷൻ

ഡിഫെൻഡറിന് ഒരു ഇംഗ്ലീഷ് എഡിഷൻ തുടങ്ങണമെന്ന് നിരവധി വായനക്കാർ ആവശ്യപ്പെടുന്നുണ്ട്. മറുനാടൻ മലയാളികളുടെ യുവതലമുറയ്ക്ക് മലയാളം വായിക്കാൻ അറിയില്ല. മറുനാട്ടിൽ താമസിക്കുന്ന ഇവർക്ക് മലയാളം എഴുതാനും വായിക്കാനും പഠിക്കാൻ പ്രായോഗിക ബുദ്ധിമുട്ടുമുണ്ട്. അതുകൊണ്ട് ഡിഫെൻഡറിന് ഒരു ഇംഗ്ലീഷ് പതിപ്പ് ഇറക്കുന്നത് എന്തുകൊണ്ടും നല്ലതാണെന്ന കാര്യത്തിൽ സംശയമില്ല. പക്ഷേ മലയാളം എഡിഷൻ ഇറക്കുന്നതിനുളള പണം പോലും ഇല്ലാതെ വിഷമിക്കുന്ന ഡിഫെൻഡറിന് ഇംഗ്ലീഷ് എഡിഷൻ ഇറക്കാൻ എളുപ്പമല്ല. എന്നാൽ ഇന്റർനെറ്റ് എഡിഷൻ മാത്രമായി ചുരുക്കിയാൽ ഇംഗ്ലീഷ് എഡിഷൻ തുടങ്ങാൻ കഴിയും. പുതിയ തലമുറയ്ക്ക് ഇന്റർനെറ്റ് സുപരിചിതമായതുകൊണ്ട് പ്രായോഗിക ബുദ്ധിമുട്ടും ഇല്ല. അതുകൊണ്ട് 2008 ജനുവരി മുതൽ ഡിഫെൻഡറിന് ഇംഗ്ലീഷ് (ഇന്റർനെറ്റ്) എഡിഷൻ തുടങ്ങുകയാണ്. ഡിഫെൻഡറിന്റെ വെബ്സൈറ്റിൽ തന്നെ ഇംഗ്ലീഷ് എഡിഷനും ലഭിക്കും.

അല്പം പണച്ചെലവുളളതെങ്കിലും ഏറെ പ്രയോജനം ചെയ്യുന്ന മറ്റൊരു പരിപാടികൂടി ഡിഫെൻഡർ ആരംഭിക്കയാണ്. ഇന്റർനെറ്റിലൂടെ റേഡിയോ പ്രക്ഷേപണം നടത്തുകയെന്നതാണ് ഈ പദ്ധതി. ഡിസംബർ ഒന്നാം തീയതി മുതൽ ഡിഫെൻഡറിന്റെ ഇന്റർനെറ്റ് റേഡിയോ നിങ്ങൾക്ക് ശ്രവിക്കാം. കൂടുതൽ വിവരങ്ങൾ ഏഴാം പേജിൽ.

ഡിഫെൻഡറിനെ തകർക്കാൻ ശ്രമിച്ചവരേയും ശ്രമിച്ചുകൊണ്ടിരിക്കുന്നവരേയും നിരാശപ്പെടുത്തിക്കൊണ്ട് ഡിഫെൻഡർ മുന്നേറുകയാണ്. ദൈവകൃപ ഒന്നുകൊണ്ടു മാത്രമാണ് ഇത്രയുമൊക്കെ സാധിച്ചത്. അതുകൊണ്ട് മുഴുമഹത്വവും ദൈവത്തിന് അർപ്പിക്കുന്നു.

## വിസ തട്ടിപ്പുവീരൻ ഗൾഫിൽ വിലസുന്നു



വിസ തട്ടിപ്പ് ഉൾപ്പെടെയുളള സകലവിധ കലാപരിപാടികളും കൈമുതലാക്കിയ സ്റ്റാൻലി സൈമൺ എന്ന വ്യാജ സുവിശേഷകൻ ഗൾഫിൽ വിലസുന്നു. ഈ ചങ്ങാതി ഇപ്പോൾ അബുദാബി, ദുബായ് തുടങ്ങിയ സ്ഥലങ്ങളിലാണ് വേലയിറക്കുന്നത്. ദൈവമക്കൾ സൂക്ഷിക്കുക.

ഡോ.സ്റ്റാൻലി സൈമൺ എന്ന പേരിലാണ് ഇയാൾ അറിയപ്പെടുന്നത്. ഒരു സായിപ്പിനെ കബളിപ്പിച്ചുണ്ടാക്കുന്ന പണം ഉപയോഗിച്ചാണ് വേല. തന്റെ കീഴിൽ നിരവധി സഭകളും പ്രവർത്തകരും ഉണ്ടെന്നാണ് ഇയാൾ സായിപ്പിനോടു പറയുന്നത്. എസ്.എ.ഇ മിഷൻ എന്നൊരു കടലാസ്സ് സംഘടനയും ഇയാൾ ഉണ്ടാക്കിയിട്ടുണ്ട്.

അടുത്ത കാലം വരെ പാലക്കാട് ജില്ലയിലുളള പഴമ്പാലക്കോട്ടായിരുന്നു ഇയാൾ ജനവഞ്ചന നടത്തിക്കൊണ്ടിരുന്നത്. എന്നാൽ അവിടെ കാട്ടിക്കൂട്ടിയ കൊളളരുതായ്മകൾ നിമിത്തം കേസ്സുകളും മറ്റും ഉണ്ടായി. അങ്ങനെ അവിടംവിട്ട് ഇയാൾ പത്തനംതിട്ട ജില്ലയിലെത്തി. ഇപ്പോൾ കോഴഞ്ചേരിക്കു സമീപം പുന്നയ്ക്കാട്ട് കോയിപ്പിളളിൽ വീട്ടിലാണ് താമസം.

മനു എന്നൊരാൾ വിസ തട്ടിപ്പു നടത്തിയതായി ഏതാനും മാസം മുൻപ് ഡിഫെൻഡറിൽ വാർത്ത പ്രസിദ്ധീകരിച്ചിരുന്നല്ലോ. ആ തട്ടിപ്പിന്റെ പിന്നിൽ സ്റ്റാൻലി ആയിരുന്നു പ്രവർത്തിച്ചത്. സ്റ്റാൻലി പറഞ്ഞതു വിശ്വസിച്ച് മനു ചതിക്കപ്പെടുകയായിരുന്നു. മനുവിനേപ്പോലും ഇയാൾ വ്യാജ വിസ നൽകി ചതിക്കയുണ്ടായി. കൂടുതൽ വിവരങ്ങൾ എട്ടാം പേജിൽ.

ഉലക പര്യടനമാണ് ഇയാളുടെ മുഖ്യ വിനോദം. അങ്ങനെയാണ് ഇപ്പോൾ ഗൾഫിൽ എത്തിയിരിക്കുന്നത്. ഇയാൾ വലിയ പ്രസംഗകനും ഉഗ്രൻ അപ്പത്തോലനുമൊക്കെയാണെന്നു തെറ്റിദ്ധരിച്ച് പലരും മീറ്റിംഗുകൾ ക്രമീകരിക്കുന്നതായി അറിയുന്നു. അതുകൊണ്ടാണ് ഡിഫെൻഡർ ഈ വാർത്ത ഒന്നാം പേജിൽ തന്നെ പ്രസിദ്ധീകരിക്കുന്നത്.

സ്റ്റാൻലിയുമായി ഇടപെടുന്നവർ സൂക്ഷിക്കുക. ഏതെങ്കിലുമൊക്കെ രാജ്യത്തേക്ക് വിസ സംഘടിപ്പിച്ചു നൽകാമെന്നു പറഞ്ഞ് ഇയാൾ പണം വാങ്ങും. ചിലപ്പോൾ വിസ കിട്ടിയെന്നും വരാം. പക്ഷേ ആ രാജ്യത്തു ചെന്നിറങ്ങിക്കഴിയുമ്പോഴായിരിക്കും ചതി മനസ്സിലാകുക.

## നെല്ലിക്കുന്ന് ഐ.പി.സിയിൽ പ്രശ്നം രൂക്ഷമാകുന്നു

പാസ്റ്ററും സെന്റർ പാസ്റ്ററും ചേർന്ന് നെല്ലിക്കുന്ന് ഐ.പി.സി. സഭ കുട്ടിച്ചോറാക്കുന്നു. പ്രശ്നങ്ങൾ ഒഴിഞ്ഞ സമയം ഈ സഭയിൽ ഇല്ലെന്നു പറയാം. സഭകളിൽ പ്രശ്നങ്ങളുണ്ടാകുമ്പോൾ പരിഹരിക്കേണ്ട പാസ്റ്ററും സെന്റർ പാസ്റ്ററും ചേർന്നാണ് നെല്ലിക്കുന്ന് സഭയിൽ പ്രശ്നമുണ്ടാക്കുന്നത്.

തൃശൂർ ജില്ലയിലെ പ്രധാന ഐ.പി.സി സഭകളിൽ ഒന്നാണ് നെല്ലിക്കുന്ന് സഭ. വീണ്ടുംജനനം പ്രാപിച്ച കുറെ ദൈവമക്കൾ ഈ സഭയിലുണ്ട്. നല്ല വരുമാനമുളള സഭയാണിത്. ഈ കാരണത്താൽ നെല്ലിക്കുന്ന് സഭയിലെ പാസ്റ്ററാകുക എന്നത് മിക്ക പാസ്റ്റർമാരുടേയും സ്വപ്നമാണ്. ഇപ്പോഴത്തെ പാസ്റ്ററായ സി.വി.മത്തായി എന്ന ആത്മീയ ശുനകൻ ഈ സഭയിൽ പാസ്റ്ററായി എത്തിയതും സഭയുടെ സമ്പത്തിൽ കണ്ണുവെച്ചുതന്നെ. സകലവിധ ദുർഗ്ഗുണങ്ങളുടേയും വിളനിലമാണ് മത്തായി.

നെല്ലിക്കുന്ന് സഭയിൽ ചാർജ് എടുത്ത അന്നു മുതൽ ഈ ചെകുത്താന്റെ സന്തതി സഭയിൽ ഭിന്നതയുണ്ടാക്കാൻ തുടങ്ങി. സഭയിലെ ഒരു പക്ഷത്തെ കൂട്ടുപിടിച്ചുകൊണ്ട് നിരന്തരം പ്രശ്നങ്ങളുണ്ടാക്കുന്നു. ഗുണ്ടകൾ പോലും നാണിച്ചുപോകുന്ന രീതിയിലാണ് ഈ മഹാവിശുദ്ധന്റെ സംസാരം. സഭയെ ഇയാൾ ചന്തയാക്കി. ആ ചന്തയുടെ ചട്ടമ്പിയായി മത്തായി വിലസുന്നു.

ഈനാംപേച്ചിക്ക് മരപ്പട്ടി കൂട്ട് എന്നു പറഞ്ഞതുപോലെയാണ് സെന്റർ പാസ്റ്ററുടെ കാര്യം. മിസ്പ ബൈബിൾ കോളേജ് നടത്തുന്ന ജോസഫ് ജോർജ് (രാജു) എന്ന കൂട്ടക്ഷരവൈരിയാണ് കഥാപുരുഷൻ. വിവരമെന്നത് അയലത്തുകൂടി പോയിട്ടില്ല. ബൈബിൾ കോളേജുമായി ബന്ധപ്പെട്ട് അടുത്തകാലത്ത് കുറെ കോലാഹലങ്ങളുണ്ടായിരുന്നു. (അതേപ്പറ്റി വരും ലക്കങ്ങളിൽ വിശദീകരിക്കാം). ഈ കളളന്റെ സഹായത്തോടെയാണ് മത്തായിയുടെ വിളയാട്ടം. രണ്ടുപേരും ചേർന്ന് നെല്ലിക്കുന്ന് സഭ നശിപ്പിക്കയാണ്.

നവംബർ 25ന് നടന്ന സഭായോഗത്തിൽ സെന്റർബോൾട്ടും ഉണ്ടായിരുന്നു. സഭായോഗം കഴിഞ്ഞ് നെല്ലിക്കുന്ന് സഭാഹാളിൽ നടന്നതൊക്കെ വിവരിച്ചാൽ ഈ പത്രം അടിക്കുന്ന കടലാസിനുപോലും നാണം തോന്നും. സെന്റർ പാസ്റ്ററുടേയും മത്തായിപ്ലാസ്റ്ററുടേയും നേതൃത്വത്തിൽ ഗുണ്ടകൾ അഴിഞ്ഞാടി. പാസ്റ്റർക്ക് ഇഷ്ടമല്ലാത്തവരെയെല്ലാം ഗുണ്ടകൾ കൈകാര്യം ചെയ്തു. ചിലർ ബ്ലേഡുമായാണ് എത്തിയത്. ബഹളത്തിനിടയിൽ ആരോ ബ്ലേഡ് പ്രയോഗിക്കയും ചെയ്തു. ഇതിനെല്ലാം പിൻതുണ നൽകിക്കൊണ്ട് പാസ്റ്ററും സെന്റർ പാസ്റ്ററും നിലകൊണ്ടു. നെല്ലിക്കുന്ന് പ്രദേശത്ത് ഇപ്പോൾ ദൈവനാമം പരമാവധി ദുഷിച്ചു കഴിഞ്ഞിരിക്കയാണ്. പെന്തക്കോസ്തുകാരെന്നു പറഞ്ഞാൽ ജനം കാറിത്തുപ്പുന്ന സ്ഥിതിയാണുളളത്.

## പ്രഭാതധ്യാനം ഇപ്പോൾ സൗജന്യനിരക്കിൽ ബുക്ക് ചെയ്യാം

പ്രഭാതധ്യാനത്തിന്റെ റിക്കാഡിംഗ് ആരംഭിച്ചു. ഡിസംബർ 15ന് ഈ സി.ഡികൾ വിതരണത്തിന് തയ്യാറാകും. മുഖവില 1200 രൂപ. ഇപ്പോൾ പണമടച്ച് ബുക്ക് ചെയ്യുന്നവർ പ്രീപബ്ലിക്കേഷൻ നിരക്കായ 800 രൂപ മാത്രം നൽകിയാൽ മതിയാകും.

പുതിയനിയമത്തിൽ നിന്ന് ടി.എസ്.ബാലൻ തയ്യാറാക്കി വന്നിരുന്ന 100 പ്രസംഗങ്ങൾ ഇപ്പോൾ വിതരണം ചെയ്തുവരുന്നു. മുൻകൂർ പണമടച്ച് ബുക്ക് ചെയ്തവർക്ക് സി.ഡികൾ അയച്ചു കഴിഞ്ഞു. ഈ സി.ഡികൾ ഇതുവരെ ബുക്ക് ചെയ്യാത്തവർ 900 രൂപ (പൂർണ്ണമായ വിലാസവും ഫോൺ നമ്പറും സഹിതം) താഴെ കാണുന്ന വിലാസത്തിൽ അയച്ച് ആവശ്യപ്പെടുക.

കൂടുതൽ വിവരങ്ങൾക്ക്:


**റ്റി.എസ്.ബാലൻ, ആനന്ദ് ഭവൻ,**
**കെ.എസ്.ആർ.റ്റി.സിക്ക് സമീപം,**
**പെരുമ്പാവൂർ പി.ഒ., എറണാകുളം. പിൻ. 683 542**
**Ph: 0484-3232356, Mob: 9447414608**

ദി ഡിഫെൻഡർ
Vol. No.10 Issue No. 23 2007 December 1

# ദുർവ്യാഖ്യാനങ്ങൾ ഒഴിവാക്കിയേ മതിയാകൂ

പൊരുൾ തിരിച്ചു നൽകാൻ ആളില്ലെങ്കിൽ ദൈവവചനം ഗ്രഹിക്കാൻ ബുദ്ധിമുട്ടാണെന്നത് ശരിതന്നെ. പക്ഷേ പൊരുൾ തിരിക്കാനെത്തുന്ന വിദ്വാന് പൊരുളറിയില്ലെങ്കിലോ?

യെശയ്യാവ് ആരേക്കുറിച്ചാണ് പറയുന്നതെന്ന ചോദ്യത്തിന് ശരിയായ ഉത്തരം കൊടുക്കാൻ ഫിലിപ്പോസിന് കഴിഞ്ഞു. ആ സുവിശേഷകന് ദൈവവചനം അറിയാമായിരുന്നു. പക്ഷേ ഫിലിപ്പോസിന് കെ.എ.ഏബ്രഹാമിന്റെ അറിവുമാത്രമാണ് ഉണ്ടായിരുന്നതെങ്കിൽ എന്താകുമായിരുന്നു സ്ഥിതി? പ്രവാചകൻ അത് തന്നേക്കുറിച്ചുതന്നെ പറയുന്നതാണെന്നും യെശയ്യാപ്രവാചകനെ, കശാപ്പുകാരൻ ആടിനെ കൊല്ലുന്നതുപോലെ, കൊല്ലുകയായിരുന്നു എന്നും വ്യാഖ്യാനിക്കുമായിരുന്നു. പ്രവാചകനെ കൊല്ലുന്നതിനു മുൻപായി ശരീരത്തുള്ള രോമം മുഴുവൻ ക്ഷൗരം ചെയ്തെന്നും പറയുമായിരുന്നു.

കെ.എ.ഏബ്രഹാം പതാകയ്ക്ക് കൊടുത്ത വ്യാഖ്യാനം മാതൃകയായി സ്വീകരിച്ചാൽ എന്തിനും ഏതിനും വ്യാഖ്യാനം ഉണ്ടാക്കാം. ഉദാഹരണത്തിന്, എം.സി. റോഡ് ഉപയോഗിച്ച് സുവിശേഷം പ്രസംഗിക്കാം. എം.സി. റോഡെന്നാൽ മെയിൻ സെൻഡ്രൽ റോഡ് ആണ്. യേശു പറഞ്ഞു: ഞാൻ വഴിയാണ്. അതുകൊണ്ട് എം.സി റോഡ് യേശുവിന്റെ നിഴലാണ്. ബൈബിളിൽ ഉല്പത്തി മുതൽ വെളിപ്പാടു വരെ യേശുവിനെ കാണാം. മെയിൻ സെൻഡ്രൽ റോഡ് എന്നതിലൂടെ അതാണ് സൂചിപ്പിക്കുന്നത്.

അങ്കമാലിയിൽ നിന്നാണ് ഈ റോഡ് ആരംഭിക്കുന്നത്. അങ്കം എന്നു പറഞ്ഞാൽ യുദ്ധം. യുദ്ധത്തിൽ നിന്നും സമാധാനത്തിലേക്ക്, അതാണ് യേശു. തിരുവനന്തപുരത്തേക്കാണ് ഈ റോഡ് പോകുന്നത്. അനന്തന്റെ പട്ടണമാണ് അനന്തപുരി. സാക്ഷാൽ അനന്തൻ ദൈവം മാത്രമാണ്. അതുകൊണ്ട് ദൈവത്തിലേക്കുള്ള വഴിയാണ് എം.സി റോഡ് എന്ന യേശു. ഈ വഴിയിൽ ഒട്ടേറെ വളവുകളും ഗട്ടറുകളും മറ്റുമുണ്ട്. പിതാവിലേക്കുള്ള വഴി കഷ്ടതയും ഞെരുക്കവും നിറഞ്ഞതാണ് എന്ന് കർത്താവ് പറഞ്ഞിട്ടുണ്ടല്ലോ. ഈ വിധത്തിൽ വ്യാഖ്യാനിച്ച് എം.സി റോഡിനെ യേശുവാക്കാം.

ഇങ്ങനെയൊക്കെ വ്യാഖ്യാനിക്കുന്നത് തെറ്റാണെന്നു പറയാൻ ഡിഫെൻഡറിന് ആരാണ് അധികാരം തന്നത്? വിവരക്കേടു പറയുമ്പോൾ അതിനെതിരേ പ്രതികരിക്കാൻ വിശേഷിച്ച് അധികാരമൊന്നും വേണ്ട, സാമാന്യ ബോധം ഉണ്ടായാൽ മതി. നേതാക്കൻമാർ ഇത്തരം വ്യാഖ്യാനങ്ങളെ എതിർക്കാത്തതെന്ത്? പറഞ്ഞല്ലോ. തെറ്റു തെറ്റാണെന്നു മനസ്സിലാക്കാൻ വിവരം വേണം, നേതാവായാൽ പോരാ.

**ഡിഫെൻഡർ പി.ഡി.എഫ് ഫോർമാറ്റിൽ ഇന്റർനെറ്റിൽ ലഭ്യമാണ്.**

*Please Visit:*

**www.tsbalan.com**

**For more Details: tsbalan@yahoo.com**

വാർഷിക വരിസംഖ്യ

ഇന്ത്യയിൽ: 100 രൂപ
ആയുഷ്ക്കാല വരിസംഖ്യ - 1000 രൂപ
ഗൾഫ് രാജ്യങ്ങൾ: 800 രൂപ
അമേരിക്ക: 30 ഡോളർ

വിലാസം:
റ്റി.എസ്.ബാലൻ, ദി ഡിഫെൻഡർ,
കെ.എസ്.ആർ.റ്റി.സിക്ക് സമീപം,
പെരുമ്പാവൂർ പി.ഒ., പിൻ - 683542.

# സത്യം സത്യമായി

മോരില്ലേൽ ശകലം ഉണ്ടേക്കാം എന്ന് ഒരു വിദ്വാൻ പറഞ്ഞതായി കേട്ടിട്ടുണ്ട്. മോരെന്നല്ല ചോറുപോലും ഇല്ലാതെ ഉണ്ണാൻ തയ്യാറായി വന്നിട്ടും ലീഡറെ ആരും മൈന്റ് ചെയ്യുന്നില്ല. ഒരുകാലത്ത് കിംഗ് മേക്കറായിരുന്ന മാന്യദേഹത്തിന്റെ ഗതികേടോർത്താൽ ഏതു കഠിന ഹൃദയന്റെ മനസ്സും അലിഞ്ഞുപോകും. പക്ഷേ മദാമ്മ ഇതുവരെ കനിഞ്ഞിട്ടില്ല. സോണിയാ ഗാന്ധി ഒരു സ്ത്രീയല്ലേ, സ്ത്രീ ക്ഷമയുടെ പര്യായമല്ലേ, ഈ വയസ്സനോട് കരുണ ചെയ്യണം. എന്റെ പിഴ എന്നു പറഞ്ഞുകൊണ്ട് വാതിൽക്കൽ മുട്ടുന്ന ഈ സാധുവിനോട് കനിയണം. എങ്ങനെയെങ്കിലും അകത്തേക്ക് കയറ്റണം, പ്ലീസ്.

പാർട്ടി വിട്ടുപോകാൻ ആഗ്രഹിക്കുന്നവർ രണ്ടു ദിവസത്തിനകം വിട്ടുപോകണമെന്നു പുത്രൻജി പ്രഖ്യാപിച്ചിട്ട് പിതാശ്രീ പോലും പ്രതികരിച്ചില്ല. അതുകൊണ്ട് പാർട്ടിയിൽ ആരൊക്കെ മിച്ചമുണ്ടെന്ന് അറിയാനും കഴിയുന്നില്ല. പുറത്തു പോകുന്നവർ എപ്പോൾ മടങ്ങിവന്നാലും സ്വീകരിക്കുമെന്നും പുത്രൻ തിരുവായ് മൊഴിഞ്ഞിട്ടുണ്ട്. അതുകൊണ്ട് ആർക്കും ഏതു നേരത്തും പോകാം. കെട്ടിപ്പിടിച്ചു കരഞ്ഞ് യാത്രയയ്ക്കും. മടങ്ങി വരുമ്പോൾ ഓടിച്ചെന്ന് സ്വീകരിച്ച് ആനയിക്കും. ഇത്ര നല്ല ഒരു പാർട്ടി ഈ ഭൂമിമലയാളത്തിലെന്നല്ല ഈ ഭൂലോകത്തുതന്നെ വേറെ ഉണ്ടാകില്ല. വഴിയമ്പലവും ചന്തയും പോലും ഇത്രത്തോളം വരില്ല.

നേതാവിന്റെ മകന് വിദേശത്തു പഠിക്കാൻ എവിടെ നിന്ന് പണം കിട്ടി എന്ന് പാർട്ടിക്കറിയാം എന്ന് വിദ്യാഭ്യാസ മന്ത്രി പറയുന്നു. പാർട്ടി മാത്രം അറിഞ്ഞാൽ പോരാ എന്ന് ജനം പറയുന്നു. സാന്റിയാഗോ മാർട്ടിനിൽ നിന്നു പാർട്ടി പത്രത്തിനു പണം കിട്ടിയ കാര്യം പാർട്ടി മാത്രമല്ല ജനങ്ങളും അറിഞ്ഞതുപോലെ ഇതും ജനങ്ങൾ അറിയട്ടെ. അരക്കോടിയോളം രൂപ നേരായ വഴിയിലൂടെയാണ് വന്നതെങ്കിൽ പ്രശ്നമില്ലല്ലോ. നെഹ്രൂവും ഗാന്ധിയും മറ്റും വിദേശത്തു പഠിച്ചത് ആരുടെ പണം ഉപയോഗിച്ചാണെന്ന് ഏവർക്കും അറിയാം. അതുപോലെയാണിതെങ്കിൽ സംഗതി ഒഖേ. അല്ലെങ്കിലോ?

പോലീസിനെ തല്ലിയ വനിതാ നേതാവിനെ മന്ത്രിമാർ പോലീസ് സ്റ്റേഷനിലെത്തി മോചിപ്പിച്ചിരിക്കുന്നു. ഭരണം നന്നാകുന്നുണ്ട് എന്നതിന് ഇതിൽ കൂടുതൽ തെളിവെന്തിന്? ഇതിനാണല്ലോ ജനാധിപത്യം എന്നു പറയുന്നത്. ജനങ്ങൾക്കുവേണ്ടി ജനങ്ങൾ നടത്തുന്ന ജനങ്ങളുടെ ഭരണം. പോലീസിനെ തല്ലിയ വനിതാസഖാവും ജനം എന്നതിന്റെ നിർവ്വചനത്തിൽ വരുമല്ലോ.

ആദിവാസികൾ ഭൂമി കൈയ്യേറുന്നത് സഖാക്കൾ എങ്ങനെ കണ്ടുനിൽക്കും? കൈയ്യേറ്റം എന്നത് സഖാക്കളുടെ കുത്തകാവകാശമല്ലേ. അതുകൊണ്ട് സഖാക്കൾ ആദിവാസികളെ ഓടിച്ചിട്ട് ഭൂമി തങ്ങളുടെ അധീനതയിലാക്കി. ഇപ്പോഴിതാ രണ്ടു കൂട്ടരേയും ഒഴിപ്പിക്കുന്നു. ഒഴിപ്പിക്കൽ നടത്തേണ്ട സ്ഥലങ്ങളിലെല്ലാം ഈ വിദ്യ പ്രയോഗിക്കാവുന്നതാണ്.

പാതിരിമാരും നായൻമാരും ഒന്നിച്ചിരിക്കുന്നു. എന്തിന്? അവകാശ സംരക്ഷണത്തിന്. എന്തവകാശമാണ് സംരക്ഷിക്കേണ്ടത്? സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകരേയും മറ്റും നിയമിക്കാനുള്ള അവകാശം സംരക്ഷിക്കാൻ. നിയമിക്കുന്നവരല്ലേ ശമ്പളം കൊടുക്കേണ്ടത്? അതല്ലേ നീതി? ആ നീതിയൊന്നും ഇവിടെ നടപ്പില്ല. പണിക്കരും അച്ചനും മറ്റും നിയമിക്കും. സർക്കാർ ശമ്പളം കൊടുത്തുകൊള്ളണം. ഈ അവകാശം സംരക്ഷിക്കാനാണ് ഐക്യം. ഏതായാലും ഈ ഐക്യമുന്നണിയിൽ വെള്ളാപ്പള്ളി കൂടിയിട്ടില്ല.

പെന്തക്കോസ്തിൽ കൺവെൻഷൻ സീസൺ ആരംഭിക്കയാണ്. ജനപ്രിയ പ്രസംഗകരെ തേടി സംഘാടകർ നെട്ടോട്ടം ആരംഭിച്ചു കഴിഞ്ഞു. ജനറൽ കൺവെൻഷന് പ്രസംഗകരുടെ നീണ്ട നിരതന്നെ ഉണ്ടാകും. ഡിസ്ട്രിക്ട് കൺവെൻഷവും സംഭവം ഇങ്ങനെയൊക്കെത്തന്നെ. മറ്റു കൺവെൻഷനുകൾക്കും ക്രൂസേഡുകൾക്കും ജനപ്രിയൻമാരില്ലെങ്കിൽ ആളുകൂടുകയില്ല. ജനപ്രിയൻമാരുടെ കൂട്ടത്തിൽ കെ.എ.ഏബ്രഹാമിനാണ് ഏറ്റവും ഡിമാന്റ്. ഇത്രയധികം വിവരക്കേട് എഴുന്നെള്ളിക്കാൻ മറ്റാർക്കും ധൈര്യമില്ലല്ലോ. സുരേഷ് ബാബു, സാമച്ചൻ, താരു തുടങ്ങിയ അത്ഭുത വീരൻമാർക്കും ഡിമാന്റുണ്ട്. സഭാനേതാക്കൻമാർക്ക് എന്നും സ്റ്റേജുണ്ടാകുമല്ലോ.

ദൈവവചനം വസ്തുനിഷ്ഠമായി പ്രസംഗിക്കുന്നവരുടെ സ്ഥിതി പരമ ദയനീയമാണ്. അവരെ മിക്കവർക്കും വേണ്ട. വെറുതെ വചനം കേട്ടിരിക്കാൻ ആർക്കാ നേരം. ഇതാ വരുന്നൂ അനുഗ്രഹം എന്നാണെങ്കിൽ കേട്ടിരിക്കാൻ ഒരു രസമുണ്ട്. അനുഗ്രഹം വരുന്നല്ലോ എന്നോർത്ത് സന്തോഷിക്കയും ചെയ്യാം. പക്ഷേ ദൈവമക്കൾക്ക് കഷ്ടതയും ദു:ഖവും മറ്റും ഉണ്ടാകുമെന്നു കേട്ടാൽ ഉള്ള സന്തോഷംകൂടി പോകും. പിന്നെങ്ങനെ ഉണർവ്വുണ്ടാകും? ഉണർവ്വുണ്ടാകുന്നില്ലെങ്കിൽ കൺവെൻഷൻ നടത്തുന്നതെന്തിന്?

**ട്രസ്റ്റുകളും സൊസൈറ്റികളും ഉണ്ടാക്കുന്നതെങ്ങനെ?**

അനാഥശാലകൾ, വൃദ്ധസദനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, മതസ്ഥാപനങ്ങൾ തുടങ്ങിയവ സ്ഥാപിക്കുവാനും നടത്തുവാനും ആഗ്രഹമുള്ളവർ നിരവധിയാണ്. പക്ഷേ, അതിനാവശ്യമായ ചാരിറ്റബിൾ സൊസൈറ്റികളും ട്രസ്റ്റുകളും എങ്ങനെയാണ് രജിസ്റ്റർ ചെയ്യേണ്ടതെന്ന് മിക്കവർക്കും അറിഞ്ഞുകൂടാ. ഈ രംഗത്ത് ഡിഫെൻഡർ നിങ്ങളെ സഹായിക്കാം.

ഞങ്ങൾ നൽകുന്ന സേവനങ്ങൾ:

ചാരിറ്റബിൾ സൊസൈറ്റികളും ട്രസ്റ്റുകളും സ്ഥാപിക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

സ്ഥാപനം രജിസ്റ്റർ ചെയ്യാൻ വേണ്ട നിയമാവലിയും മറ്റും ഉണ്ടാക്കുന്നു.

ആദായ നികുതി ഇളവുകളും മറ്റും ലഭിക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

കൂടുതൽ വിവരങ്ങൾക്ക്
ഡിഫെൻഡർ ഓഫീസുമായി ബന്ധപ്പെടുക.
ഫോൺ: 0484-3232356, 9447414608

# പെനിയേൽ സെമിനാരി തകർച്ചയിലേക്ക്

എ.റ്റി.എ അംഗീകാരമുള്ള ഡിഗ്രികൾ കൊടുക്കുന്ന പെനിയേൽ ബൈബിൾ സെമിനാരി (കീഴില്ലം) നല്ല നിലയിൽ പ്രവർത്തിച്ചു വരുന്ന ഒരു സ്ഥാപനമാണ്. ഇവിടെനിന്നും പഠിച്ചിറങ്ങിയ നൂറുകണക്കിനു സുവിശേഷകർ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലായി ദൈവവേല ചെയ്യുന്നു. എന്നാൽ അടുത്ത കാലത്തായി ഈ സ്ഥാപനത്തിന്റെ പ്രവർത്തനം ആകെ അവതാളത്തിലായിരിക്കയാണ്. ഈ സ്ഥാപനത്തിന്റെ ഉടമസ്ഥന്റെ അമ്മായിയപ്പനും അമ്മായിയമ്മയും ഭരണം ഏറ്റെടുത്തതോടെയാണ് പ്രശ്നം ആരംഭിച്ചത്.

അമ്മായിയപ്പൻ മാന്യനായ ഒരു വ്യക്തിയാണ്. അദ്ദേഹത്തേക്കുറിച്ച് എല്ലാവർക്കും നല്ലതേ പറയാനുള്ളൂ. പക്ഷേ അതല്ല വാമഭാഗത്തിന്റെ സ്ഥിതി. ''അവളെപ്പേടിച്ചാരും നേർവഴി നടപ്പീല'' എന്നു പറഞ്ഞതുപോലെയാണ് കാര്യങ്ങൾ. താടകയുടെ അവതാരമാണിവർ. ഭർത്താവിനുപോലും ഇവരെ ഭയമാണ്. മറ്റുള്ളവരുടെ കാര്യം പറയുകയും വേണ്ട.

ഇവരുടെ പീഡനത്തിനിരയാകുന്നത് പ്രധാനമായും പെൺകുട്ടികളാണ്. മറുത്തൊരു വാക്കു പറഞ്ഞാൽ പുറത്താകും എന്ന് അവർക്കറിയാം. അതുകൊണ്ട് ഇവരുടെ ദുർഭരണം അവർ സഹിക്കുന്നു എന്നു മാത്രം. പക്ഷേ എന്തൊക്കെ ചെയ്താലും ഒടുവിൽ പീഡ മാത്രം. അതുകൊണ്ട് ഇപ്പോഴുള്ള പെൺകുട്ടികളിൽ ഭൂരിപക്ഷവും അടുത്തവർഷം മടങ്ങി വരില്ല. ഓരോ കാരണം പറഞ്ഞ് സർട്ടിഫിക്കറ്റും വാങ്ങി പോകുന്നു.

ആൺകുട്ടികളുടെ സ്ഥിതിയും അത്ര നല്ലതല്ല. ബൈബിൾ പഠിക്കാനെത്തിയ ഈ കുട്ടികളേക്കൊണ്ട് കഠിനമായി ജോലി ചെയ്യിക്കയും മറ്റു പല വിധത്തിൽ പീഡിപ്പിക്കയും ചെയ്യുന്നു. കൊയ്ത്തിനായുള്ള പരിശീലനമാണ് പെനിയേലിൽ നൽകുന്നതെന്ന് പരസ്യത്തിൽ കണ്ടപ്പോൾ അത് ഈ അർത്ഥത്തിലാണു പറഞ്ഞതെന്ന് അറിഞ്ഞിരുന്നില്ല. ഏതായാലും ചാക്കോസാർ അല്പം സൂക്ഷിക്കുന്നതു നന്നായിരിക്കും. അമ്മായിയമ്മയും ശിങ്കിടിയായ മിനിയുംകൂടി ഈ വിധത്തിൽ ഭരിച്ചാൽ ഏതാനും വർഷം കഴിയുമ്പോൾ സെമിനാരിയുടെ കെട്ടിടം മാത്രമേ ബാക്കിയുണ്ടാകൂ.

## ടി.ജെ.ശാമുവലും ആഞ്ഞിലിക്കയും

അസംബ്ലീസ് ഓഫ് ഗോഡിന്റെ നേതാവായ ടി.ജെ.ശാമുവലിന് ഈയിടെയായി ആഞ്ഞിലിക്കാരോഗം അതികലശലായിരിക്കയാണ്. 2020 ആകുമ്പോഴേക്കും ഇന്ത്യ ക്രിസ്ത്യൻ ഭൂരിപക്ഷമുള്ള രാജ്യമാകുമെന്ന് ടി.ജെ.ശാമുവലിന് ഏഴു വർഷം മുൻപ് വെളിച്ചപ്പാടുണ്ടായിരുന്നു. കഴിഞ്ഞവർഷം ആഞ്ഞിലിക്ക എന്നൊരു മത്തിലമ്മക്കും ഇതേവെളിപ്പാടുണ്ടായി. ആത്മാവ് ഒന്നായതുകൊണ്ട് ടി.ജെ. ശാമുവൽ ഇപ്പോൾ ആഞ്ഞിലിക്കയുമായി സഹകരിച്ചാണ് പ്രവർത്തനം. അന്തിക്രിസ്തുവും കള്ളപ്രവാചകനും തമ്മിൽപ്പോലും ഇത്ര കടുത്ത ആത്മബന്ധമില്ല. ആഞ്ഞിലിക്കയില്ലെങ്കിൽ ടി.ജെ.ശാമുവലില്ല എന്ന സ്ഥിതിയിലാണിപ്പോൾ. ഇവർ ഇത്ര തീവ്രമായി പ്രവർത്തിച്ചിട്ടും ഇന്ത്യയിലെ ക്രിസ്ത്യാനികളുടെ സംഖ്യ അരശതമാനംപോലും വർദ്ധിച്ചിട്ടുമില്ല. ഇനി വെറും 13 വർഷം മാത്രമാണ് ബാക്കിയുള്ളത്.




# പ്രജാപതിയും മുല്ലക്കരയും

ദേവസ്യ മുല്ലക്കരയ്ക്ക് എന്തുപറ്റി? വല്ല ദുരാത്മാവും ബാധിച്ചോ? സാമാന്യ ബോധമുള്ള ആരും പറയാത്തത്ര വിവരക്കേടുകളാണ് ഈയിടെയായി അദ്ദേഹം എഴുന്നെള്ളിക്കുന്നത്.

കുറച്ചുകാലം പ്രസംഗിച്ചു കഴിയുമ്പോൾ തങ്ങളുടെ പാണ്ഡിത്യം മാലോകരെ അറിയിക്കണമെന്ന് മിക്ക പ്രസംഗകർക്കും തോന്നും. എന്തെങ്കിലുമൊക്കെ പറഞ്ഞ് ശ്രോതാക്കളെ അമ്പരപ്പിക്കയാണ് അതിനുള്ള എളുപ്പവഴി. കെ.എ.ഏബ്രഹാം സമൂഹ്യപാഠവും സയൻസും മറ്റും പറയുന്നത് ഈ കാരണത്താലാണ്. മുല്ലക്കര വിളയാടുന്നത് ഹൈന്ദവഗ്രന്ഥങ്ങളിലാണ്. വേദങ്ങൾ, ഉപനിഷത്തുക്കൾ തുടങ്ങിയവ നിറയെ യേശുക്രിസ്തുവാണത്രേ. ഈ വേദങ്ങളൊക്കെ എഴുതിയവർ യേശുക്രിസ്തുവിനെ ദർശനത്തിൽ കണ്ടാണ് ഇതൊക്കെ എഴുതിയതെന്ന കാര്യത്തിൽ മുല്ലക്കരയ്ക്ക് സംശയമില്ല. കന്യാശുദ്ധായ നമ: എന്നു തുടങ്ങി ഒരു വേദത്തിലുമില്ലാത്ത കുറെ ശ്ലോകങ്ങൾ ചൊല്ലുന്നുമുണ്ട്. ഇതൊക്കെ കേട്ടിരിക്കുന്ന വിഡ്ഢികൾക്ക് വേദം എന്നത് ചുക്കാണോ ചുണ്ണാമ്പാണോ എന്ന് നിശ്ചയമില്ലാത്തതുകൊണ്ട് കാര്യമായ എതിർപ്പൊന്നും മുല്ലക്കരയ്ക്ക് ഉണ്ടാകുന്നുമില്ല.

ദൈവവചനം വസ്തുനിഷ്ഠമായി പഠിക്കാതെ പ്രസംഗത്തിനിറങ്ങിയതാണ് മുല്ലക്കരയ്ക്കു പറ്റിയ തെറ്റ്. രോഗശാന്തിയെന്ന പേരിൽ എന്തൊക്കെയോ കാട്ടിക്കൂട്ടുകകൂടി ചെയ്യുന്നതോടെ കാര്യം എളുപ്പമായി. ഏതായാലും പ്രസംഗിക്കുന്നതൊക്കെ വേദത്തിൽ ഉണ്ടോ എന്ന് ഉറപ്പുവരുത്തിയിട്ട് പ്രസംഗിക്കയാണ് ബുദ്ധി.

# റെജിക്ക് മറുപടിയില്ല

മോനായിയുടെ പത്രമായ സുഭാഷിതം റെജി കെ. തോമസിനു നൽകിയ അവാർഡിന് അദ്ദേഹത്തെ തെരഞ്ഞെടുത്തത് ഡോ.ജോർജ് ശാമുവൽ കൂടി അംഗമായ സമിതിയാണെന്നും അവാർഡ് നൽകിയത് ഗവർണ്ണറാണെന്നും മറ്റും സ്വന്തം പത്രത്തിൽ അടിച്ചുവിട്ടതിനേപ്പറ്റി ഇപ്പോൾ ഈ ചങ്ങാതിക്ക് മറുപടിയില്ല. അവാർഡ് കമ്മറ്റിൽ താൻ ഇല്ലായിരുന്നു എന്ന് ഡോ. ജോർജ് ശാമുവൽ വ്യക്തമാക്കിയിരുന്നു. ഗവർണ്ണർ ആ ഏരിയായിൽപ്പോലും വന്നിരുന്നില്ലെന്നും തെളിഞ്ഞു. റെജി പച്ചക്കള്ളം പറയുകയായിരുന്നു.

മോനായി കൊടുത്ത അവാർഡ് പലരും പരസ്യമായി നിഷേധിച്ചു. മറ്റുചിലർ അത് വാങ്ങാൻ എത്തിയുമില്ല. എന്നിട്ടും കുഞ്ഞ് കോടിയാട്ട്, റെജി എന്നിവർ തങ്ങൾക്ക് നൊബേൽ സമ്മാനം കിട്ടിയെന്ന മട്ടിൽ പ്രചരണം നടത്തി. ഇരുപതിൽ ഒന്നാണ് തങ്ങൾക്കു കിട്ടിയതെന്ന് ഇവർ പറഞ്ഞുമില്ല. പക്ഷേ ഇപ്പോഴിതാ കള്ളി വെളിച്ചത്തായിരിക്കുന്നു. ഏതായാലും മോനായിയുടെ അവാർഡ് സ്വീകരിച്ച വകയിൽ കുറെ നാണക്കേട് ഇരുവർക്കും കിട്ടി.

# ഡിഫെൻഡർ മോഷണം: കള്ളൻ പിടിയിലാകും

തിരുവല്ല ആർ.എം.എസ്സിൽ നിന്നും ഡിഫെൻഡർ കെട്ടോടെ മോഷ്ടിച്ച ചങ്ങാതി ഏറെ താമസിയാതെ നിയമത്തിന്റെ പിടിയിലാകും. ഈ വിഷയവുമായി ബന്ധപ്പെട്ട് ഡിഫെൻഡർ നൽകിയ പരാതിയിൽ പോസ്റ്റൽ ഡിപ്പാർട്ട്മെന്റ് അന്വേഷണം തുടങ്ങിക്കഴിഞ്ഞു.

ഒക്ടോബർ 16ന് പെരുമ്പാവൂരിൽ നിന്നും അയച്ച ഡിഫെൻഡർ ഏതാനും ദിവസങ്ങൾക്കകം പത്തനംതിട്ട ജില്ലയിൽ ഒഴികെ എല്ലായിടത്തും എത്തി. ഒക്ടോബർ 30 വരെ പത്രം പത്തനംതിട്ടയിൽ എത്തിയില്ല എന്നു വ്യക്തമായതോടെ ഡിഫെൻഡർ പോസ്റ്റർ ഡിപ്പാർട്ട്മെന്റിലെ ഉന്നതർക്ക് പരാതിയയച്ചു. ഇങ്ങനെ പരാതി നൽകിയ വിവരം നവംബർ ഒന്നിന് ഇറങ്ങിയ ഡിഫെൻഡറിൽ പ്രസിദ്ധീകരിക്കയും ചെയ്തു. നവംബർ ഒന്നിന് ഈ വാർത്ത ഇന്റർനെറ്റിൽ വായിച്ച കള്ളൻ പിറ്റേന്ന് ഡിഫെൻഡർ ആർ.എം.എസ്സിൽ തിരികെ എത്തിച്ചു. ഏതാനും ദിവസങ്ങൾക്കകം പത്രം വിലാസക്കാർക്ക് ലഭിക്കയും ചെയ്തു.

എങ്കിലും പത്രം ഈ വിധത്തിൽ തട്ടിയെടുത്തതും രണ്ടാഴ്ചയോളം ഒളിപ്പിച്ചു വെച്ചതും ഗുരുതരമായ കുറ്റമാണ്. ഈ കുറ്റം ചെയ്തവർക്കെതിരെ നടപടി ഉണ്ടാകുകയും ചെയ്യും. അതിനുള്ള നടപടി ഡിപ്പാർട്ട്മെന്റ് ആരംഭിച്ചുകഴിഞ്ഞു. ഏറെ താമസിയാതെ കള്ളനാരെന്ന് വ്യക്തമാകും.

# യോംഗിചോ മഹായിടയനോ?

ലോകത്തെ ഏറ്റവും വലിയ പെന്തക്കോസ്ത് സഭയുടെ പാസ്റ്ററാണ് യോംഗിചോ എന്നാണ് പറയപ്പെടുന്നത്. പക്ഷേ എത്ര വലിയ സഭയുടെ പാസ്റ്ററായാലും യോംഗിചോ മഹായിടയനാകുമോ? ആകുമെന്ന് ഹാലേലൂയ്യാ പറയുന്നു.

നവംബർ 15ന് ഇറങ്ങിയ ഹാലേലൂയ്യായുടെ പ്രധാന തലക്കെട്ട് ''മഹാ ഇടയൻ വിരമിക്കുന്നു'' എന്നാണ്. യോംഗിചോയുടെ ഫോട്ടോയും ഒപ്പമുണ്ട്. ''ലോകത്തിലെ ഏറ്റവും വലിയ ക്രിസ്തീയ സഭയുടെ ശുശ്രൂഷകനും സ്ഥാപകനുമായ ഡോ.ഡേവിഡ് യോംഗിചോ സഭാശുശ്രൂഷയിൽ നിന്ന് വിരമിക്കുന്നു. അര നൂറ്റാണ്ടത്തെ മഹത്വപൂർണ്ണമായ ശുശ്രൂഷയിലൂടെ കൊറിയൻ തലസ്ഥാനമായ സിയോളിൽ സമാനതകളില്ലാത്ത മഹായിടവക കെട്ടിപ്പടുത്ത വലിയ ഇടയൻ ശുശ്രൂഷയുടെ പുതപ്പ് പിൻഗാമിക്ക് കൈമാറാൻ ഒരുങ്ങിക്കഴിഞ്ഞു. ക്രൈസ്തവ സഭാചരിത്രത്തിലെ തിളക്കമാർന്ന ഒരു യുഗത്തിന്റെ വിടവാങ്ങലിന് യോയിഡോ ഫുൾ ഗോസ്പൽ ചർച്ച് ഒരുങ്ങിക്കഴിഞ്ഞു''.

ഹാലേലൂയ്യായിലെ വാർത്തയുടെ പ്രധാന ഭാഗമാണ് ഉദ്ധരിച്ചത്. മഹായിടയൻ എന്നത് കർത്താവായ യേശുക്രിസ്തുവിനു മാത്രം യോജിച്ച പേരാണ്. വലിയ സഭയുടെ പാസ്റ്ററായതുകൊണ്ട് ആരും മഹായിടയനാകുകയില്ലേ. മഹായിടവക എന്ന പ്രയോഗവും തിരുവചന വിരുദ്ധമാണ്. വിശ്വാസി, പ്രാദേശികസഭ, ആകമാന സഭ എന്നിവ മാത്രമേ ദൈവവചനത്തിലുള്ളൂ. അതിനിടയിൽ മഹായിടവക എന്നൊരു സാധനമില്ല. ശുശ്രൂഷയുടെ പുതപ്പ് എന്ന പ്രയോഗം ഉപദേശിമാരുടെ പ്രസംഗം കേട്ട് പഠിച്ചതിലൂടെ കിട്ടിയതാകാം. പുതിയനിയമ സഭയിലെ ശുശ്രൂഷയെ പുതപ്പിനോട് തിരുവചനം ഉപമിക്കുന്നില്ല. ഒരാളുടെ ശുശ്രൂഷ മറ്റൊരാൾക്ക് ലഭിക്കുന്നുമില്ല. വാർത്തകൾ റിപ്പോർട്ട് ചെയ്യുമ്പോൾ ലേഖകൻ അല്പം ശ്രദ്ധിക്കുന്നതു നന്ന്.



# സാമാന്യ മര്യാദയും പാസ്റ്റർമാരും

സമുദായക്കാരുടെ സെമിനാരിയിൽ പ്രവേശനം കിട്ടാൻ വലിയ ബുദ്ധിമുട്ടാണ്. കുടുംബ മഹിമ മുതൽ ഒട്ടേറെ കാര്യങ്ങൾ നോക്കിയാണ് പ്രവേശനം നൽകുന്നത്. അതുകൊണ്ടുതന്നെ അച്ചൻമാർ ഒരളവോളമെങ്കിലും മാന്യത പുലർത്തും. തങ്ങളുടെ നിലയ്ക്കും വിലയ്ക്കും ചേരാത്ത നടപടികൾ അവരുടെ ഭാഗത്തു നിന്നും ഉണ്ടാകാറില്ല.

ഉദാഹരണത്തിന്, വഴിയോരത്തു നിന്ന് മൂത്രമൊഴിക്കുന്ന അച്ചനെ നിങ്ങൾ എപ്പോഴെങ്കിലും കണ്ടിട്ടുണ്ടോ? ഉണ്ടാകാനിടയില്ല. എത്ര ബുദ്ധിമുട്ടുണ്ടായാലും അത്തരം ഒരു കലാപരിപാടി അച്ചൻമാർ ചെയ്യുകയില്ല. പക്ഷേ പാസ്റ്റർമാരുടെ കാര്യം അങ്ങനെയല്ല. ഇക്കാര്യത്തിൽ പാസ്റ്ററും ശുനകനും സമം സമം.

സെമിനാരി വിദ്യാഭ്യാസത്തിന്റെ ഭാഗമായി സാമാന്യ മര്യാദയും അച്ചൻമാർ പഠിക്കുന്നു. അതുകൊണ്ട് മാന്യമായി പെരുമാറാൻ അവർക്ക് കഴിയുന്നു. ഒരു വീട്ടിൽ ചെന്നാൽ എങ്ങനെ പെരുമാറണമെന്ന് അച്ചനറിയാം. അപരിചിതരോട് ഇടപെടാനും അറിയാം. മര്യാദവിട്ട പെരുമാറ്റം ഉണ്ടാകാറില്ല. പക്ഷേ ഭൂരിപക്ഷം പാസ്റ്റർമാർക്കും മര്യാദയുടെ ബാലപാഠങ്ങൾ പോലും അറിഞ്ഞുകൂടാ. മാന്യൻമാരുടെ മുൻപിൽ എങ്ങനെ പെരുമാറണമെന്ന് നിശ്ചയവുമില്ല.

ഉപദേശ വിഷയങ്ങളിൽ പി.ജി. വർഗീസുമായി ഡിഫെൻഡറിന് വിയോജിപ്പുണ്ട്. പക്ഷേ സാമാന്യ മര്യാദയുടെ ബാലപാഠങ്ങൾ ദൈവദാസൻമാർക്കു പകർന്നു കൊടുക്കുന്ന കാര്യത്തിൽ അദ്ദേഹം സദാ ശ്രദ്ധിക്കുന്നു എന്ന വസ്തുത എടുത്തു പറയേണ്ടതുതന്നെ.

സമുദായക്കാരുടെ സെമിനാരികളിൽ അഡ്മിഷൻ ലഭിക്കാൻ ന്യായമായ വിദ്യാഭ്യാസം കൂടിയേ കഴിയൂ. പക്ഷേ കുടിപ്പള്ളിക്കൂടങ്ങൾ പോലെ നാടെങ്ങും മുളച്ചു പൊന്തിയിരിക്കുന്ന പെന്തക്കോസ്ത് സെമിനാരികളിൽ അഡ്മിഷൻ ലഭിക്കാൻ ഒരു യോഗ്യതയും വേണ്ട. ആർക്കും അഡ്മിഷൻ കിട്ടും. പത്താംക്ലാസ് തോറ്റ ബാബു ജോർജ് ഡാക്കിട്ടറും ഒരു ബൈബിൾ കോളേജിന്റെ പരമാത്മാവുമാണ്. ഇത്തരക്കാർ നടത്തുന്ന ബൈബിൾ കോളേജുകളിൽ പഠിക്കാനെത്തുന്നവർക്ക് നിലവാരം എങ്ങനെയുണ്ടാകാൻ?

വിദ്യാർത്ഥികൾക്കു മാത്രമല്ല അദ്ധ്യാപകർക്കും നിലവാരമില്ല. വാളെടുത്തവനെല്ലാം വെളിച്ചപ്പാട് എന്നതാണ് പെന്തക്കോസ്ത് ബൈബിൾ കോളേജുകളിലെ സ്ഥിതി. ആർക്കും അദ്ധ്യാപകരാകാം. വായിൽ തോന്നിയതെല്ലാം പഠിപ്പിക്കാം. ബൈബിൾ അറിയണമെന്നില്ല. സാമാന്യ മര്യാദ വേണമെന്നില്ല. എവിടെ നിന്നെങ്കിലും കിട്ടുന്ന നോട്ടുകൾ അതേപടി പറഞ്ഞുകൊടുക്കുന്നു. അത് കാണാപ്പാഠം പഠിച്ച് വിദ്യാർത്ഥികൾ പരീക്ഷ എഴുതുന്നു. എല്ലാം കഴിഞ്ഞ് പാസ്റ്ററാകുമ്പോൾ ഇതൊക്കെ പ്രസംഗിക്കുന്നു.

ദൈവവേല ചെയ്യാൻ ഉന്നത വിദ്യാഭ്യാസം കൂടിയേ കഴിയൂ എന്ന് ഈ പറഞ്ഞതിന് അർത്ഥമില്ല. വിദ്യാവിഹീനരായവരേക്കൊണ്ടും കർത്താവ് അത്ഭുതം പ്രവർത്തിച്ചിട്ടുണ്ട്. പക്ഷേ ഇന്നത്തെ സ്ഥിതി അതല്ല. മറ്റൊന്നിനും കൊള്ളാത്തൻ സുവിശേഷവേലക്കിറങ്ങുന്നു. വയറ്റിൽ പിഴപ്പിനുള്ള മാർഗ്ഗമായി സുവിശേഷവേലയെ കാണുന്നു. കഷ്ടിച്ച് നിന്നുപിടിക്കാനുള്ള വചനം കിട്ടിയെന്നു തോന്നിയാൽ പഠിപ്പ് അവസാനിപ്പിക്കുന്നു. പിന്നീട് പ്രസംഗം തുടങ്ങുകയായി. എന്നും എന്നും ഒരേ വിഷയം തന്നെ.

ഐ.പി.സിയിൽ ജി.ജി കോഴ്സ് എന്നൊരേർപ്പാടുണ്ട്. ആശയം നല്ലതു തന്നെ. പക്ഷേ ഏട്ടിലെ പശു പുല്ലു തിന്നുന്നുണ്ടോ എന്ന കാര്യത്തിൽ സംശയമുണ്ട്. മറ്റ് പ്രസ്ഥാനങ്ങളിൽ അതുമില്ല. ഏതെങ്കിലും ഒരു ബൈബിളിൽ കോളേജിൽ പഠിച്ചെന്ന സർട്ടിഫിക്കറ്റുമായി വരുന്ന ആർക്കും പാസ്റ്ററാകാം. എന്താണു പഠിച്ചതെന്ന് ചോദിക്കുന്നില്ല. മറ്റൊരു ജോലിയും കിട്ടാത്തതുകൊണ്ട് സുവിശേഷവേലയ്ക്കിറങ്ങിയതാണോ എന്നും അന്വേഷണമില്ല. ഇതുമൂലം പെന്തക്കോസ്ത് പാസ്റ്റർമാരുടെ നിലവാരം പാതാളത്തിലെത്തുന്നു.



# ഡിഫെൻഡർ മറുപടി പറയുന്നു

**?** റ്റി.എസ്.ബാലൻ ദൈവവചനം വിറ്റ് കാശുണ്ടാക്കുകയല്ലേ? ഇത് ശരിയായ നടപടിയാണോ? മറ്റുള്ളവരെ കുറ്റം പറയുന്ന ബാലൻ കുറ്റമില്ലാത്തവനാണോ?

■ രണ്ടാമത്തെ ചോദ്യത്തിന് ആദ്യം ഉത്തരം പറയാം: ബാലൻ പുണ്യപുരുഷനൊന്നുമല്ല. ഏതു മനുഷ്യനും തെറ്റുകുറ്റങ്ങളുണ്ടാകാം. അതുകൊണ്ട് ബാലനുമുണ്ട് കുറ്റങ്ങളും കുറവുകളും. ബാലൻ പുണ്യാളനാണെന്ന് ബാലൻ പോലും നാളിതുവരെ പറഞ്ഞിട്ടില്ല.

തെറ്റുപറ്റാതെ ജീവിക്കാൻ നാം എത്ര ശ്രമിച്ചാലും കുറെ തെറ്റുകൾ വന്നുകൂടും. അത് ഒഴിവാക്കാനാവില്ല. മനുഷ്യസഹജമായ ഇത്തരം തെറ്റുകളേക്കുറിച്ചല്ല റ്റി.എസ്.ബാലൻ എന്ന ഈയുള്ളവൻ പ്രതികരിക്കുന്നത്. മനപ്പൂർവ്വം ചെയ്യുന്നതും ഗുരുതരവും രക്ഷയെ ബാധിക്കുന്നത്ര ഗൗരവമുള്ളതും മറ്റുമാണ് പാപമെങ്കിൽ മാത്രമേ ഡിഫെൻഡർ എതിർക്കൂ.

ഉദാഹരണത്തിന്, ബൈബിൾ കോളേജിൽ പഠിക്കാൻ എത്തുന്ന പെൺകുട്ടികളെ ബംഗ്ലാവ് ഡ്യൂട്ടിക്കെന്നു പറഞ്ഞ് വിളിച്ചു വരുത്തി റ്റി.എസ്.ഏബ്രഹാം വ്യഭിചരിച്ചിരുന്നു. മനുഷ്യസഹജമായ തെറ്റ് എന്നതിൽ കവിഞ്ഞ ഒന്നാണിത്. ഈ വകയിൽ ഗർഭിണികളാകുന്ന പെൺകുട്ടികളെ ഗർഭഛിദ്രം നടത്തിക്കയും ചെയ്തിരുന്നു. പക്ഷേ കുളത്തൂപ്പുഴക്കാരിയുടെ സംഭവം മാത്രമാണ് മാലോകർ അറിഞ്ഞത്. അതുപോലെ കെ.സി.ജോൺ സ്വന്തം അമ്മായിയമ്മയെ വരെ വ്യഭിചരിച്ചു. ഇത് ചെറിയ കാര്യമല്ല. ദൈവവേലയ്ക്കെന്നു പറഞ്ഞ് പിരിച്ചെടുത്ത കോടിക്കണക്കിനു രൂപ ഈ നേതാക്കൻമാർ സ്വന്തം പോക്കറ്റിലാക്കിയിരിക്കുന്നു. ഇതും ഗൗരവമുള്ള പാപമാണ്. ഇതിനൊക്കെ എതിരായി പ്രതികരിച്ചേ മതിയാകൂ. ഇത്തരം പാപങ്ങളൊന്നും റ്റി.എസ്.ബാലൻ ചെയ്യുന്നില്ല. എത്ര ശ്രമിച്ചാലും ഒഴിവാക്കാനാവാത്ത, മനുഷ്യസഹജമായ, ചെറിയ തെറ്റുകളും കുറ്റങ്ങളും പൗലോസ് ഉൾപ്പെടെ ഏവരും ചെയ്തിരുന്നു. ഗുരുതരമായ പാപങ്ങൾക്കെതിരേ പ്രതികരിക്കുന്നതിന് ഈ ചെറിയ തെറ്റുകൾ തടസ്സമല്ല. അതുകൊണ്ടാണ് ബാലൻ പെന്തക്കോസ്തിലെ കള്ളൻമാർക്കെതിരേ പ്രതികരിക്കുന്നത്.

ഇനി ബാലൻ ദൈവവചനം വിൽക്കുന്ന കാര്യം. ഒന്നാമതായി ബാലൻ ദൈവവചനം വിൽക്കുന്നില്ല. ദൈവവചനത്തെ ആധാരമാക്കി ബാലൻ നടത്തിയ ക്ലാസ്സുകളും പ്രസംഗങ്ങളും മറ്റുമാണ് വിൽക്കുന്നത്. ബാലന്റെ പുസ്തകങ്ങളും സി.ഡികളും ദൈവവചനമല്ല ദൈവവചന വ്യാഖ്യാനങ്ങളാണ്.

നിങ്ങളുടെ കൈവശം ബൈബിളുണ്ടോ? ഉണ്ടായിരിക്കുമെന്ന് കരുതുന്നു. ഇത് എങ്ങനെ കിട്ടി? ആകാശത്തുനിന്നും പൊഴിഞ്ഞു വീണതാണോ അതോ നിങ്ങൾ വില കൊടുത്തു വാങ്ങിയതാണോ? ബൈബിൾ വില കൊടുത്തു വാങ്ങുന്നത് പാപമാണോ? ആണെങ്കിൽ ഏതു വാക്യത്തിലാണ് അതു പറയുന്നത്? വില കൊടുത്തു വാങ്ങുന്നത് പാപമല്ലെങ്കിൽ വിൽക്കുന്നത് പാപമാകുന്നതെങ്ങനെ? ബൈബിൾ അച്ചടിക്കാൻ കടലാസ് വേണം. അച്ചടിക്കാനും ബയന്റ് ചെയ്യാനും പണച്ചെലവുണ്ട്. ഇങ്ങനെയുണ്ടാക്കുന്ന ബൈബിൾ സൗജന്യമായി കൊടുക്കുന്നതെങ്ങനെ? കടലാസ്സിനുള്ള പണം, അച്ചടിക്കൂലി, ബയന്റിംഗ് കൂലി തുടങ്ങിയവ ആരു കൊടുക്കും? വിവരക്കേടു പറയുന്നതിനും വേണ്ടേ ഒരതിരൊക്കെ.

സൗജന്യമായി ലഭിച്ചത് സൗജന്യമായി കൊടുക്കാൻ മാത്രമേ ദൈവവചനം പറയുന്നുള്ളൂ. എനിക്കു സൗജന്യമായി ലഭിച്ചത് ഞാൻ സൗജന്യമായി കൊടുക്കുന്നു. ഉദാഹരണത്തിന്, ഈസോഡ് എന്ന ബൈബിൾ സി.ഡി എനിക്ക് സൗജന്യമായാണ് ലഭിച്ചത്. അത് ഞാൻ തികച്ചും സൗജന്യമായാണ് കൊടുക്കുന്നത്. സി.ഡിയുടെ വിലപോലും വാങ്ങുന്നില്ല. പക്ഷേ മറ്റു സി.ഡികളുടെ സ്ഥിതിയതല്ല. അവ സൗജന്യമായി കൊടുക്കാനാവില്ല.

വീട്ടിൽ ഒരു ബൈബിൾ സ്ക്കൂൾ, പുതിയനിയമത്തിൽ നിന്ന് 100 പ്രസംഗങ്ങൾ, വീട്ടിൽ ഒരു റഫറൻസ് ലൈബ്രറി തുടങ്ങിയവ നിർമ്മിക്കാൻ വലിയൊരു തുക ഞാൻ ചെലവാക്കിയിട്ടുണ്ട്. കിടക്കാടംപോലും ഇല്ലാത്ത ഞാൻ ഈ സി.ഡികൾ വെറുതെ കൊടുത്താൽ ഏതാനും ദിവസങ്ങൾക്കകം തെണ്ടേണ്ടതായിവരും. അത്ര വലിയ പുണ്യാളനാകാൻ ഞാൻ തയ്യാറല്ല. ഇത്തരം വിഡ്ഢിത്തം ചെയ്യണമെന്ന് ദൈവവചനം പറയുന്നുമില്ല. ആടിനെ മേയിക്കുന്നവൻ ആടിന്റെ പാലുകൊണ്ട് ഉപജീവനം കഴിക്കുന്നത് തെറ്റല്ല. പാസ്റ്റർമാർ ദശാംശവും സ്തോത്രക്കാഴ്ചയും വാങ്ങുന്നു. പ്രസംഗകർ കൈമടക്കു വാങ്ങുന്നു. റ്റി.എസ്.ബാലൻ ഏറെ കഷ്ടനഷ്ടങ്ങൾ സഹിച്ച് സി.ഡിയുണ്ടാക്കി വിൽക്കുന്നു. ബാലൻ ചെയ്യുന്നത് മഹാപാപം. മറ്റുള്ളവർ ചെയ്യുന്നതെല്ലാം പുണ്യം. കൊള്ളാമല്ലോ. (വില കൊടുത്ത് സി.ഡി വാങ്ങാൻ കഴിവില്ലാത്തവർക്ക് ഞാൻ തികച്ചും സൗജന്യമായും സി.ഡി. കൊടുക്കുന്നുണ്ട്)

# വീട്ടിൽ ഒരു റഫറൻസ് ലൈബ്രറി

നിങ്ങളുടെ വീട്ടിലും ഒരു റഫറൻസ് ലൈബ്രറി ഒരുക്കാൻ ഇതാ ഒരു സുവർണ്ണാവസരം. 1500ൽ അധികം പുസ്തകങ്ങൾ. നാലു ലക്ഷത്തിൽ അധികം പേജുകൾ. പി.ഡി.എഫ് ഫോർമാറ്റിലുള്ള 40 സി.ഡികൾ. വില 1900 രൂപ മാത്രം. ട്രിനിറ്റി സ്ക്കൂൾ പുറത്തിറക്കിയിരിക്കുന്ന ഈ ക്ലാസിക്കൽ ഡിജിറ്റൽ ലൈബ്രറിയുടെ കോപ്പികൾ ഇപ്പോൾ ഡിഫെൻഡർ ഓഫീസിൽനിന്നും വിതരണം ചെയ്യുന്നു.

ജോസീഫസ് പോലുള്ള പ്രാചീന ഗ്രന്ഥങ്ങൾ മുതൽ ലൂഥർ, കാൽവിൻ തുടങ്ങിയ പ്രോട്ടസ്റ്റന്റ് നേതാക്കൻമാരുടെ പുസ്തകങ്ങളും നിരവധി ബൈബിൾ വ്യാഖ്യാന ഗ്രന്ഥങ്ങളും ഉൾപ്പെടുന്നതാണ് ഈ അത്യപൂർവ്വ ഗ്രന്ഥശേഖരം. ജോസീഫസ് പറഞ്ഞു, ലൂഥർ എഴുതി എന്നൊക്കെ ഇനി ഊഹം വെച്ച് പറയേണ്ടതില്ല.

ആകെ 1500ൽ അധികം പുസ്തകങ്ങൾ ഉള്ളതിനാൽ ഓരോ പുസ്തകത്തേക്കുറിച്ചും പ്രത്യേകമായി പറയാൻ ബുദ്ധിമുട്ടുണ്ട്. ക്രിസ്തീയലോകത്ത് ക്ലാസിക്കുകളായി അംഗീകാരം നേടിയിട്ടുള്ളവയാണ് എല്ലാ പുസ്തകങ്ങളും എന്ന് പൊതുവായി പറയാം. ഇവയിൽ നല്ലൊരു പങ്ക് ഇപ്പോൾ വിലയ്ക്ക് വാങ്ങാൻ പോലും കിട്ടുകയില്ല.

ഭൂരിപക്ഷം പുസ്തകങ്ങളും ഒറിജിനൽ പുസ്തകത്തിൽ നിന്ന് സ്ക്കാൻ ചെയ്ത് പി.ഡി.എഫ് ഫോർമാറ്റിൽ ആക്കിയിരിക്കുന്നു. ഏതാനും പുസ്തകങ്ങൾ ടൈപ്പ് ചെയ്ത് പി.ഡി.എഫിലോ എച്ച്.റ്റി.എം.എൽ ഫോർമാറ്റിലോ സെറ്റ് ചെയ്തിരിക്കുന്നു. ആകെ 40 സി.ഡികളിലായി, അക്ഷരമാലാ ക്രമത്തിൽ, ഒരുക്കിയിരിക്കയാണ് ഈ പുസ്തകങ്ങൾ. എല്ലാംകൂടി നാല് ലക്ഷത്തിൽ അധികം പേജുകൾ. പുസ്തകരൂപത്തിൽ വാങ്ങിയാൽ 10 ലക്ഷം രൂപയെങ്കിലും ചെലവാകും.

ഇംഗ്ലീഷ് അറിയാവുന്നവർക്ക് ഈ സി.ഡികൾ വാങ്ങി കമ്പ്യൂട്ടറിൽ ഇട്ട് ഉപയോഗിക്കാം. (ഇംഗ്ലീഷ് അറിയാത്തവരും സ്വന്തമായി കമ്പ്യൂട്ടർ ഇല്ലാത്തവരും ഈ സി.ഡികൾ വാങ്ങരുത്). ഈ സി.ഡികളേക്കുറിച്ച് കൂടുതൽ വിവരങ്ങൾ അറിയാൻ ആഗ്രഹിക്കുന്നവർ 0484-3232356, 9447414608 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

Email: tsbalan@yahoo.com

40 സി.ഡികൾ അടങ്ങുന്ന ഒരു സെറ്റിന്റെ വില 4000 രൂപയാണ്. എന്നാൽ ഇപ്പോൾ സൗജന്യ വിലയായ 1900 രൂപയ്ക്ക് 40 സി.ഡികൾ ലഭിക്കും.

സി.ഡികൾ ആവശ്യമുള്ളവർ T.S.Balan എന്ന പേരിൽ 1900 രൂപ മണിയോർഡർ/ചെക്ക്/ഡ്രാഫ്റ്റ് എടുത്ത് താഴെ കാണുന്ന വിലാസത്തിൽ അയച്ചുതരിക. പണം ഓഫീസിൽ ലഭിച്ചാലുടൻ സി.ഡികൾ കുരിയർ/സ്പീഡ് പോസ്റ്റിൽ അയച്ചുതരുന്നതാണ്. വിദേശ രാജ്യങ്ങളിലേക്ക് സ്പീഡ് പോസ്റ്റിൽ സി.ഡികൾ അയയ്ക്കും. വില: US$ 100 or Rs.4000/-. ഗൾഫിലുള്ളവർ 1900 രൂപയും ഇന്ത്യയിലെ വിലാസവും അയയ്ക്കുക.

<u>Address:</u>

T.S.Balan
Anand Bhavan
Near: KSRTC,
Perumbavoor P.O.,
Ernakulam Dist. Pin. 683 542

# ലാബാന്റെ മുഖം മാറി

വിവരക്കേടേ, നിന്റെ പേരോ കെ.എ.ഏബ്രഹാമെന്ന് എന്നു ചോദിച്ചുപോകുന്ന വിധത്തിലാണ് അവറാച്ചന്റെ പ്രസംഗം കഴിഞ്ഞ ദിവസം ചവറിൽ കേട്ട ഒരു പ്രസംഗംതന്നെ ഉദാഹരണമായെടുക്കാം.

യാക്കോബ് ലാബാനെ വിട്ട് മടങ്ങുന്നതാണ് വിഷയം. യാക്കോബ് നോക്കിയപ്പോൾ ലാബാന്റെ മുഖം പഴയതുപോലെയല്ല എന്നു കണ്ടു. അതോടെ സ്വന്തം വീട്ടിലേക്കു മടങ്ങാൻ യാക്കോബ് തീരുമാനിച്ചു. എന്താണ് ഇതിന്റെ അർത്ഥം? അവറാച്ചൻ പറയുന്നത് ഇങ്ങനെ: ലോകത്തിന്റെ മുഖഛായ മാറുകയാണ്. ലോകസംഭവങ്ങൾ കർത്താവിന്റെ വരവ് അടുത്തു എന്ന് തെളിയിക്കുന്നു. നമുക്ക് വീട്ടിലേക്കു മടങ്ങാനുള്ള സമയമായി. (എന്റമ്മോ).

സുല്ല്. അവറാച്ചന്റെ ജ്ഞാനത്തിന്റെ മുൻപിൽ അടിയറവു പറയുന്നു. ഇത്ര രസകരമായ ഒരു വ്യാഖ്യാനം കേട്ടിട്ടേയില്ല. അവറാൻ കലക്കി.

ഇവിടംകൊണ്ടും ഈ വിദ്വാൻ യാക്കോബിനെ വിടുന്നില്ല. യാക്കോബ് ദൂതനുമായി മല്ലുപിടിച്ചു ജയിച്ചതിനുമുണ്ട് വ്യാഖ്യാനം. യിസ്രായേലായി മാറിയ യാക്കോബ് യാബോക് നദിയിൽ മുങ്ങിയത്രേ. തന്റെ പഴയ മനുഷ്യനെ ആ നദിയിൽ കുഴിച്ചിട്ടു. പുറത്തേക്കു വന്നത് പുതിയ മനുഷ്യനാണ്. യാക്കോബ് നദിയിൽ മുങ്ങിപ്പൊങ്ങിയതും ആ വിധത്തിൽ പുതിയ സൃഷ്ടിയായതും ഏതു ബൈബിളിലാണ് എഴുതി വെച്ചിരിക്കുന്നത്? അറിഞ്ഞുകൂടാ. അവറാച്ചൻ സ്വന്തമായി ഒരു ബൈബിൾ എഴുതിയിട്ടുണ്ടാകാം. ഏതായാലും മാലോകരൊക്കെ ഉപയോഗിക്കുന്ന ബൈബിളിൽ ഇത്തരം ഒരു സംഭവം കാണാനില്ല.

# നെഹ്രു മലയാളം പണ്ഡിറ്റായി

നെഹ്രു മലയാളം പണ്ഡിറ്റായിരുന്നോ? അതുകൊണ്ടാണോ പണ്ഡിറ്റ് എന്ന് നെഹ്രുവിനെ വിളിക്കുന്നത്? ആണെന്നു തോന്നും കെ.എ.ഏബ്രഹാമിന്റെ പ്രസംഗം കേട്ടാൽ.

ഈയിടെ നടത്തിയ ഡൽഹി യാത്രയിലാണ് സംഭവം നടന്നത്. ഒരു പ്രസംഗത്തിൽ സ്വാതന്ത്ര്യത്തേക്കുറിച്ച് കെ.എ.ഏബ്രഹാം വാചാലനായി. സ്വാതന്ത്ര്യമില്ലെങ്കിൽ പിന്നെ ഒന്നുമില്ല എന്നാണ് അവറാച്ചൻ പറഞ്ഞത്. സ്വാതന്ത്ര്യം എന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണെന്നതിന് സംശയവുമില്ല. അങ്ങനെ പ്രസംഗം പൊടിപൊടിക്കുന്നതിനിടയിൽ അവറാൻ ഒരു കവിത ചൊല്ലി.

പാരതന്ത്ര്യം മാനികൾക്ക്
മൃതിയേക്കാൾ ഭയാനകം.

ആരാണ് ഇങ്ങനെ പറഞ്ഞതെന്നും വിശുദ്ധ അവറാൻ വ്യക്തമാക്കി. നെഹ്രുവാണ് ഇങ്ങനെ കവിത എഴുതിയത്. ഇപ്പോൾ എഴുതി? സ്വന്തം മകളായ ഇന്ദിരാഗാന്ധിക്ക് കത്തയച്ചപ്പോഴാണ് നെഹ്രു ഈ കവിത എഴുതിയത്. ഒരച്ഛൻ മകൾക്കയച്ച കത്തുകൾ എന്ന കൃതിയിലുള്ളതാണത്രേ ഈ കവിത.

ചില സംശയങ്ങൾ അവശേഷിക്കുന്നു: ഒരച്ഛൻ മകൾക്കയച്ച കത്തുകൾ എന്ന പുസ്തകത്തിന്റെ ഏത് എഡിഷനിലാണ് ഈ കത്ത് ഉൾപ്പെടുത്തിയിട്ടുള്ളത്? ആരാണ് ആ പുസ്തകം പ്രസിദ്ധീകരിച്ചത്? ഇത് നേരിൽ വായിച്ചിട്ടാണോ കെ.എ.ഏബ്രഹാം പ്രസംഗിക്കുന്നത്? ദയവായി വിശദീകരിക്കണം.



# ഹിസ്ക്കിയാവും മോനായിയും

ഹിസ്ക്കിയാവിനെ ഉപദ്രവിക്കുവാൻ ശത്രു കഠിനമായി പരിശ്രമിച്ചു. പക്ഷേ ദൈവം തന്റെ ദൂതനെ അയച്ച് ഹിസ്ക്കിയാവിനെ വിടുവിച്ചു. അതുകൊണ്ടെന്താ? ഇപ്പോൾ ഹിസ്ക്കിയാവിന്റെ സ്ഥാനത്ത് മോനായിയാണ്. ഏതോ ശത്രുക്കൾ മോനായിക്കെതിരെ വാടകോരിയിരിക്കുന്നു. ഏറെ താമസിയാതെ ദൂതന്റെ വേഷത്തിൽ പോലീസെത്തും. ശത്രുവിനെ നിഗ്രഹിക്കും വിശുദ്ധ മോനായിയെ രക്ഷിക്കും. ഇതാണ് മോനായി പറയുന്നതിന്റെ ചുരുക്കം.

മോനായിയുടെ മോഹം അത്ര മോശമാണെന്നു പറയാനാവില്ല. പക്ഷേ മോഹങ്ങൾ കുതിരകളാണെങ്കിൽ ഏതു തെണ്ടിക്കും സവാരി ചെയ്യാം. ഹിസ്ക്കിയാവിനെ ദൈവം രക്ഷിച്ചെന്നു കരുതി പോലീസ് തോക്കുമായി വരുമെന്നു മോനായി കരുതരുത്. അത് വെറും വ്യാമോഹമാണ് മോനായീ. സ്വയം ഹിസ്ക്കിയാവായി പ്രഖ്യാപിച്ചതുകൊണ്ട് ഗുണമൊന്നുമില്ല, ഹിസ്ക്കിയാവിനേപ്പോലെ ജീവിക്കണം.

# ദൈവത്തിന്റെ ദാനം

''അതിനു യേശു: നീ ദൈവത്തിന്റെ ദാനവും, നിന്നോടു കുടിക്കുവാൻ ചോദിക്കുന്നവൻ ആരെന്നും അറിഞ്ഞു എങ്കിൽ, നീ അവനോടു ചോദിക്കുകയും അവൻ ജീവനുള്ള വെള്ളം നിനക്കു തരുകയും ചെയ്യുമായിരുന്നു എന്ന് ഉത്തരം പറഞ്ഞു.''

എന്താണ് ഈ വാചകത്തിന്റെ അർത്ഥം? അതിനുള്ള ഉത്തരം കെ.എ.ഏബ്രഹാം പറയുന്നുണ്ട്. ഒരു സഹോദരി അയച്ച കത്തു വായിച്ചിട്ട് കെ.എ.ഏബ്രഹാം (ചവറിൽ) പറയുന്നു: ''സഹോദരീ, കർത്താവ് ശമര്യാക്കാരത്തിയോടു പറഞ്ഞതുപോലെ, നീ ദൈവത്തിന്റെ ദാനമാണ്. നിനക്ക് ഈ ജീവിതം തന്നത് ദൈവമാണ്.'' പാവം അവറാച്ചൻ. മലയാളം പോലും നല്ല പിടിയില്ല. അതുകൊണ്ടായിരിക്കുമല്ലോ ഇത്തരം ഒരു വ്യാഖ്യാനം പറഞ്ഞത്. ഈ ഭാഗം മറ്റേതെങ്കിലും മലയാളം തർജ്ജമയിലോ ഇംഗ്ലീഷിലോ നോക്കണേ അവറാച്ചാ. ഇതാ ഇംഗ്ലീഷ്: Jesus answered and said unto her, If thou knewest the gift of God, and who it is that saith to thee, Give me to drink; thou wouldest have asked of him, and he would have given thee living water. (പിടികിട്ടിയോ?)

# പീടിയാക്കലും വിവരക്കേടും

ഷിബു പീടിയാക്കൽ എന്നൊരു വിവരദോഷിയേക്കുറിച്ചു കേട്ടിട്ടുണ്ടോ? ഇല്ലെങ്കിൽ കേൾക്കണം. റാന്നിയിലെ ചുമ്മാഡോ ബാബു ജോർജിന്റെ ശിഷ്യനാണ്. ഈ വിദ്വാൻ ചിലപ്പോഴൊക്കെ ഇന്ത്യയിൽ അവതരിക്കും. അങ്ങനെയൊരു അവതാരത്തിനിടയിൽ തൃപ്പൂണിത്തുറയിൽ എത്തി. ദൈവമക്കൾക്ക് ഒരുവിധത്തിലുള്ള കഷ്ടതയും രോഗവും വരികയില്ല എന്ന് പ്രഖ്യാപിക്കയും ചെയ്തു. അപ്പോൾ ദരിദ്രനായി മരിച്ച ലാസർ ദൈവദാസനല്ലായിരുന്നോ ഷിബൂ?

# ഇംഗ്ലീഷ് അന്യഭാഷയായി

കള്ളൻമാർക്കും കള്ളപ്രവാചകൻമാർക്കും എതിരെയാണ് ഡിഫെൻഡർ സാധാരണയായി എഴുതുക. അതുകൊണ്ട് ഇനി പറയാൻ പോകുന്ന കാര്യവും ഇതുപോലെ എന്തോ ആണെന്ന് കരുതുന്നുണ്ടെങ്കിൽ തെറ്റി. ഇത് ആ വിധത്തിലുള്ള കാര്യമല്ല.

അനുഭവം വച്ച് ദൈവവചനം പഠിക്കയല്ല മറിച്ച് ദൈവവചനം വച്ച് അനുഭവത്തെ വിലയിരുത്തുകയാണ് ചെയ്യേണ്ടത്. അതുകൊണ്ട് ഇനി പറയാൻ പോകുന്ന അനുഭവം വച്ച് ദൈവവചനം പഠിക്കയല്ല മറിച്ച് ദൈവവചനത്തിലുള്ളത് ശരിയാണെന്നതിന് ഈ സംഭവം ഒരു തെളിവാണ് എന്നത്രേ മനസ്സിലാക്കേണ്ടത്.

കുരിയാക്കോസ് എന്നൊരാൾ നേരിൽ കണ്ട സംഭവമാണിത്. കൂടുതൽ വിവരങ്ങൾ അറിയേണ്ടവർ അദ്ദേഹത്തെ ഫോണിൽ വിളിക്കുക: ഫോൺ: 0484-2596962, 9447294508.

സംഭവം നടന്നിട്ട് കുറെ വർഷങ്ങളായി. ഏലപ്പാറയിലാണ് ഇതു സംഭവിച്ചത്. ഒരു പ്രത്യേക മീറ്റിംഗ് നടക്കുന്നു. കുര്യാക്കോസ് അവിടെ സന്ദർശകനായി എത്തിയതാണ്. കാനഡക്കാരിയായ ഒരു മദാമ്മയും അവിടെയുണ്ട്. നിരക്ഷരരും തമിഴ് വംശജരുമായ തോട്ടം തൊഴിലാളികളാണ് യോഗത്തിൽ പങ്കെടുക്കുന്നവരിൽ ഏറെയും. ഇത്തരത്തിലുള്ള ഒരു തമിഴ് സ്ത്രീ സാക്ഷ്യം പറയുന്നതിനിടയിൽ ഒരു പാട്ടുപാടി. അതുകഴിഞ്ഞ് അന്യഭാഷ പറയാൻ തുടങ്ങി. ശുദ്ധമായ കനേഡിയൻ ഇംഗ്ലീഷിലായിരുന്നു അവരുടെ സംസാരം. ഉച്ചാരണം, വ്യാകരണം തുടങ്ങിയവയെല്ലാം കൃത്യം. അഞ്ചു മിനിട്ട് സമയത്തോളം അവർ ഇംഗ്ലീഷിൽ സംസാരിച്ചു. ആ മദാമ്മയോടുള്ള ദൂതായിരുന്നു ആ സ്ത്രീ പറഞ്ഞത്. ഇങ്ങനെ സംസാരിച്ച ആ സ്ത്രീക്ക് തമിഴും അല്പം മലയാളവും മാത്രമാണ് അറിയാമായിരുന്നത്. അവരെ ആരെങ്കിലും ഇംഗ്ലീഷ് കാണാപ്പാഠം പഠിപ്പിച്ച് പറയിച്ചാലും ഇത്ര ഉച്ചാരണശുദ്ധിയോടെ ഇംഗ്ലീഷ് പറയാനാവില്ലെന്ന് വ്യക്തം.

# ചവറിൽ കൊഞ്ചുകറി

പത്രോസ് ദർശനത്തിൽ കണ്ട ദുപ്പട്ടിയിൽ സകല ഗുലുമാലും ഉണ്ടായിരുന്നു. അതുപോലെയാണ് കെ.സി.ജോണിന്റെ ചവർ ചാനൽ. ഈ ഭൂലോകത്തുള്ളതെല്ലാം അതിലുണ്ട്. ചവറിൽ ഇല്ലാത്തത് ഈ ലോകത്തില്ല എന്നു തീർച്ചയാക്കാം.

ഈയിടെ ഒരു പരിപാടി, പതിവുപോലെ, നൂറ്റൊന്നാവർത്തിച്ചു. ആത്മീയ പ്രാധാന്യമുള്ള എന്തോ പരിപാടിയായിരിക്കും എന്ന് ഊഹിച്ചെങ്കിൽ നിങ്ങൾക്കു തെറ്റി. കെ.സി.ജോണും ആത്മീയതയുമായി എന്തുബന്ധം? ഇത് ആത്മീയമല്ല കൊഞ്ചാണ്, കൊഞ്ചുകറിയാണ്. കുറച്ചുകൂടി വ്യക്തമായി പറഞ്ഞാൽ കൊഞ്ച് കറിവെയ്ക്കുന്നതെങ്ങനെ എന്ന കാര്യമാണ്.

ഡിഫെൻഡർ എന്തോ തമാശ പറയുകയാണെന്ന് ധരിക്കുന്നവരുണ്ടാകാം: പൊന്നു മാളോരേ, വിശ്വസിക്ക്. സാക്ഷാൽ കൊഞ്ച് ആവശ്യമായ മസാലയൊക്കെ ചേർത്ത് കറിവെയ്ക്കുന്നതെങ്ങനെ എന്നാണ് ആ പരിപാടിയിൽ പറഞ്ഞത്. ഏകദേശം 15 മിനിട്ടുകൊണ്ട് കൊഞ്ചുകറി തയ്യാറായി. പിന്നീട് ചിക്കൻകറി ഉണ്ടാക്കുന്നതെങ്ങനെ എന്നാണ് വിശദീകരിച്ചത്. അങ്ങനെ ഏറെക്കാലമായി സകല തിയോളജിയൻമാരേയും കുഴച്ചിരുന്ന രണ്ടു മാർമ്മിക വിഷയങ്ങൾക്കുള്ള ഉത്തരം വെളിപ്പെട്ടു. ഇനി ഈ പ്രശ്നത്തിൽ തട്ടി സഭയിൽ പിളർപ്പോ പുതിയ തിയോളജിയോ ഉണ്ടാകേണ്ട കാര്യമില്ല. കൊഞ്ചും കോഴിയിറച്ചിയും എങ്ങനെ കറിവെയ്ക്കാം എന്നു വ്യക്തമായി.



# പോരാട്ടത്തിന്റെ പത്തു വർഷങ്ങൾ

അങ്ങനെ ഡിഫെൻഡർ 11-ാം വയസ്സിലേക്കു കടക്കുകയാണ്. ഇത്രത്തോളം വിജയിക്കാൻ കഴിയുമെന്ന് കരുതിയിരുന്നില്ല എന്നതാണ് സത്യം.

ഡിഫെൻഡർ ആരംഭിക്കാൻ ഇടയായതെങ്ങനെ എന്ന് പലരും എന്നോട് ചോദിച്ചിട്ടുണ്ട്. പത്തു വർഷം മുൻപ് പ്രജാപതി സർവ്വശക്തനായി വിലസുകയായിരുന്നു. ഈ അന്യദൈവത്തിനെതിരേ പോരാടാനാണ് ഡിഫെൻഡർ ആരംഭിച്ചത്. ഒരു പത്രം തുടങ്ങണം എന്ന തീരുമാനത്തിലെത്താൻ എന്നെ പ്രേരിപ്പിച്ച സംഭവങ്ങൾ ചുരുക്കി പറയാം:

പ്രജാപതിയെന്ന അന്യദൈവം പെന്തക്കോസ്തിൽ പിടിമുറുക്കുന്നതുകണ്ട് ഞാൻ ഏറെ ദുഃഖിച്ചിരുന്നു. ഈ കൊടിയ ദുരുപദേശത്തിനെതിരെ ഞാൻ ആദ്യമായി പ്രതികരിച്ചത് 1994ൽ ഗുഡ്ന്യൂസിൽ ഒരു ലേഖനം എഴുതിക്കൊണ്ടാണ്. പിന്നീട് മരുപ്പച്ച, സർഗ്ഗസമിതി എന്നിവയുടെ നേതൃത്വത്തിൽ തിരുവല്ലയിൽ വച്ച് ചർച്ചകൾ നടന്നു. മരുപ്പച്ചയുടെ നേതൃത്വത്തിൽ നടന്ന ചർച്ചയിൽ ഞാൻ അവതരിപ്പിച്ച പ്രബന്ധം മലബാർ ഗോസ്പൽ മെസഞ്ചറിൽ പ്രസിദ്ധീകരിക്കയും ചെയ്തു. പക്ഷേ ഒന്നോ രണ്ടോ ലേഖനം പ്രസിദ്ധീകരിച്ച് ഒരു കോലാഹലമുണ്ടാക്കുക എന്നതിൽ കവിഞ്ഞ ഒരു ലക്ഷ്യം ഈ പത്രങ്ങൾക്കില്ലായിരുന്നു. പിന്നീട് പ്രജാപതിക്ക് എന്തു സംഭവിക്കുന്നു എന്ന് ഇവരാരും അന്വേഷിച്ചില്ല.

പ്രജാപതിയുടെ കഥ കഴിച്ചേമതിയാകൂ എന്ന് ഞാൻ തീരുമാനിച്ചു. അങ്ങനെയാണ് 1995ൽ പ്രജാപതി ക്രിസ്തുവല്ല എന്ന പുസ്തകം പ്രസിദ്ധീകരിച്ചത്. അതിനെതിരെ ചിലരൊക്കെ പുസ്തകമെഴുതി. കുറെ ലഘുലേഖകളും ഇറങ്ങി. ഇവയ്ക്കെല്ലാം എതിരേ എങ്ങനെ പ്രതികരിക്കണമെന്നറിയാതെ ഞാൻ കുഴഞ്ഞു. അങ്ങനെയാണ് ഒരു പത്രം തുടങ്ങാനുള്ള ആശയം എന്റെ ഉള്ളിൽ ഉദിച്ചത്. പത്രമുണ്ടെങ്കിൽ പ്രജാപതിക്കെതിരെ ഫലപ്രദമായി പ്രതികരിക്കാം. വരിസംഖ്യ ഇനത്തിലും മറ്റും കുറച്ചു പണം ലഭിക്കുമെന്നതിനാൽ പ്രസിദ്ധീകരണം തടസ്സമില്ലാതെ നടത്താനും കഴിയും. അങ്ങനെ ടൈറ്റിൽ ക്ലിയറൻസിന് അപേക്ഷ നൽകി. ഡിഫെൻഡർ എന്ന ഒരു പേരു മാത്രമാണ് ചോദിച്ചത്. അതു കിട്ടുകയും ചെയ്തു.

ഡിഫെൻഡറിന്റെ ആദ്യലക്കം 1997 ഡിസംബർ ആദ്യ ആഴ്ച പ്രസിദ്ധീകരിച്ചു. ടാബ്ലോയിഡ് സൈസിൽ നാലു പേജ് മാത്രമാണ് അന്നുണ്ടായിരുന്നത്. എല്ലാ മാസവും 10-ാം തീയതിയാണ് ഡിഫെൻഡർ പ്രസിദ്ധീകരിച്ചിരുന്നത്. കടുത്ത സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിച്ചിരുന്ന കാലമായിരുന്നു അത്. ഏറെക്കാലം മുൻപോട്ടു പോകാൻ കഴിയുമെന്ന് കരുതിയിരുന്നില്ല. എന്നാൽ ഒരു ലക്കം പോലും മുടങ്ങാതെ, ഒരു ദിവസം പോലും താമസിക്കാതെ, നാളിതുവരെ ഡിഫെൻഡർ പ്രസിദ്ധീകരിക്കാൻ കഴിഞ്ഞു. ദൈവകൃപയാൽ മാത്രമാണ് ഈ നേട്ടം കൈവരിക്കാൻ സാധിച്ചത്.

കഴിഞ്ഞ പത്തു വർഷക്കാലത്തിനിടയിൽ ഡിഫെൻഡർ അഭിമുഖീകരിച്ച പ്രശ്നങ്ങൾ ചെറുതല്ല. എല്ലാ പെന്തക്കോസ്ത് നേതാക്കന്മാരും ഡിഫെൻഡറിനെതിരായി. ബാലൻ പെന്തക്കോസ്തിലെ ഏറ്റവും വലിയ പാപിയായി കണക്കാക്കപ്പെട്ടു. കെ.സി.ജോൺ സകല പെന്തക്കോസ്ത് നേതാക്കന്മാരേയും കൂട്ടിയിണക്കി ബാലനെതിരെ സംഘടനയുണ്ടാക്കി. സിവിലും ക്രിമിനലുമായി ഒട്ടേറെ കേസ്സുകളുമുണ്ടായി. കള്ളക്കേസ്സിൽ പെട്ട് ഞാൻ ആറു ദിവസം ജയിലിൽ കിടന്നു. എന്റെ മകൻ 11 ദിവസം ജയിലിൽ കിടന്നു. പണത്തിന്റെ മുകളിലൂടെ പരുന്തു മാത്രമല്ല നിയമവും പറക്കില്ല എന്ന് അനുഭവം തെളിയിച്ചു. അങ്ങനെ ഞങ്ങൾ ക്രിമിനൽ കേസ്സിൽ ശിക്ഷിക്കപ്പെട്ടു. ആ കേസ്സ് ഇപ്പോൾ കോടതിയുടെ പരിഗണനയിലുമാണ്.

സത്യം തുറന്നു പറയാൻ ധൈര്യം കാണിച്ചതിന്റെ പേരിൽ എന്നെ പെന്തക്കോസ്ത് നേതാക്കന്മാർ വേട്ടയാടി. ബാലൻ സാത്താന്റെ ദാസനാണെന്നും സുവിശേഷ വിരോധികളുടെ ചാരനാണെന്നും വരെ പ്രചരണമുണ്ടായി. ഡിഫെൻഡർ നിന്നുപോകാൻ നിരവധി ആളുകൾ ഉപവസിച്ചു. പക്ഷേ മാസത്തിൽ ഒരിക്കൽ നാലു പേജ് എന്ന നിലയിൽ പ്രസിദ്ധീകരണം ആരംഭിച്ച ഡിഫെൻഡറിന് ഇപ്പോൾ മാസത്തിൽ 16 പേജുണ്ട്. മാത്രമല്ല ഡിഫെൻഡർ ഇപ്പോൾ ദ്വൈവാരികയുമാണ്. സ്വന്തം പ്രസ്സിൽ അടിക്കുന്ന ഏക പെന്തക്കോസ്ത് പത്രം ഡിഫെൻഡറാണെന്നതും എടുത്തു പറയേണ്ട പ്രത്യേകതയാണ്.

ഡിഫെൻഡറിന്റെ വെബ്സൈറ്റ് ഏറെ പ്രചാരം നേടിക്കഴിഞ്ഞു. മറ്റൊരു പെന്തക്കോസ്ത് പത്രത്തിന്റെ വെബ്സൈറ്റിലും ഇത്രയധികം ഹിറ്റുകൾ ഉണ്ടാകുന്നില്ല. പലപ്പോഴും ബാൻഡ് വിഡ്ത്ത് തികയാതെ വരുക പോലും ചെയ്യുന്നു.

ജനുവരി മുതൽ ഡിഫെൻഡറിന് ഇന്റർനെറ്റിൽ ഇംഗ്ലീഷ് എഡിഷൻകൂടി ഉണ്ടാകുന്നു എന്നത് എടുത്തു പറയേണ്ട നേട്ടമാണ്. പുതിയ തലമുറയ്ക്ക് സത്യം ഗ്രഹിക്കുവാൻ ഇംഗ്ലീഷ് എഡിഷൻ സഹായകമാകും.

ഡിഫെൻഡറിന്റെ ഇന്റർനെറ്റ് റേഡിയോ ആരംഭിച്ചു കഴിഞ്ഞു. മറ്റൊരു പത്രത്തിനും സാധിക്കാത്ത നേട്ടമാണിത്. സത്യസുവിശേഷം പ്രചരിപ്പിക്കുന്ന ഇന്റർനെറ്റ് മലയാളം റേഡിയോകൾ ഏറെയില്ല. തിരുവല്ലയിൽ നിന്നും പ്രക്ഷേപണം ചെയ്യുന്ന മലയാളി റേഡിയോ ആണ് ഈ രംഗത്ത് ആദ്യമെത്തിയത്. മിറക്കിൾസ് റേഡിയോ എന്നൊരു സംരംഭത്തെക്കുറിച്ച് പത്രങ്ങളിൽ വാർത്ത വന്നിരുന്നു. ഏതാനും ദിവസം അത് പ്രവർത്തിക്കയും ചെയ്തു. പക്ഷേ ഇപ്പോൾ പ്രവർത്തന രഹിതമാണ്. മറ്റേതെങ്കിലും റേഡിയോകൾ ഉള്ളതായി അറിവില്ല. എന്നാൽ ഡിഫെൻഡറിന് ഒരു ഇന്റർനെറ്റ് റേഡിയോ സ്റ്റേഷൻ ആരംഭിക്കാൻ കഴിഞ്ഞു എന്നത് ചെറിയ കാര്യമല്ല.

മറ്റൊരു പത്രത്തിനും അവകാശപ്പെടാനാവാത്ത ഒട്ടേറെ നേട്ടങ്ങളും കുറെ കോട്ടങ്ങളും ഡിഫെൻഡറിനുണ്ട്.

1. പത്രാധിപർ തന്നെ എല്ലാ ലേഖനങ്ങളും എഴുതുന്നു. കടലാസ്സിൽ എഴുതാതെ കമ്പ്യൂട്ടറിൽ നേരിട്ട് ടൈപ്പ് ചെയ്യുന്നു.
2. പത്രാധിപർ തന്നെ പത്രം ഡിസൈൻ ചെയ്യുന്നു.
3. സ്വന്തം പ്രസ്സിൽ അടിക്കുന്നു.
4. ഭാരവാഹികളുടെ നീണ്ട നിര ഇല്ലാത്ത പത്രം.
5. അപ്രിയ സത്യങ്ങൾ തുറന്നു പറയാൻ ധൈര്യം കാണിക്കുന്ന ഏക പത്രം.
6. കള്ളൻമാരുടെ പേടിസ്വപ്നം.
7. വരിസംഖ്യ പിരിക്കാനായി സ്റ്റാളുകൾ ഇടാത്ത പത്രം.
8. പരസ്യങ്ങൾ ലഭിക്കാനായി നേതാക്കൻമാരുടെ കാലു തിരുമ്മാത്ത പത്രം.
9. ഏറ്റവും കൂടുതൽ അപവാദങ്ങൾ കേൾക്കുന്ന പത്രം.
10. മുഴുവൻ വായിക്കപ്പെടുന്ന പത്രം.
11. ഏറ്റവും അധികം ഫോട്ടോ കോപ്പി എടുക്കപ്പെടുന്ന പത്രം.
12. വിസിറ്റേഴ്സ് റൂമിൽ ഏറെ കാണപ്പെടാത്ത പത്രം.
13. നേതാക്കൻമാർ കിടപ്പറയിലിരുന്ന് അതീവ രഹസ്യമായി വായിക്കുന്ന പത്രം.
14. കൺവെൻഷൻ വാർത്തകൾ പ്രസിദ്ധീകരിക്കാത്ത പത്രം.

അങ്ങനെ ഒട്ടേറെ പ്രത്യേകതകളുള്ള പത്രമാണ് ഡിഫെൻഡർ. നല്ലപിള്ള ചമയാൻ വേണ്ടി വ്യാജഭാവങ്ങൾ കാണിക്കുന്ന പതിവ് ഡിഫെൻഡറിനില്ല. മുഖപക്ഷമില്ലാതെ വിമർശിക്കും.

ഇത്രയുമൊക്കെയായിട്ടും ഡിഫെൻഡർ ഇപ്പോഴും നിലനിൽക്കുന്നു. നാൾക്കുനാൾ വളരുന്നു. ഇത് ഒരു അത്ഭുതം തന്നെയാണ്.

കഴിഞ്ഞ പത്തു വർഷത്തെ പ്രവർത്തനംകൊണ്ട് ഡിഫെൻഡർ എന്തുനേടി? പ്രജാപതിക്കെതിരേ പോരാടാനാണ് ഡിഫെൻഡർ തുടങ്ങിയത്. കേവലം രണ്ടു വർഷം കൊണ്ട് ആ ലക്ഷ്യം നേടി. ഇപ്പോൾ പ്രജാപതിയെ പ്രസംഗിക്കാൻ പെന്തക്കോസ്ത് പ്രസംഗകർ തയ്യാറാകുന്നില്ല. ഡിഫെൻഡറിന് കൈവരിക്കാൻ കഴിഞ്ഞ ഏറ്റവും വലിയ നേട്ടം ഇതാണ്.

ചോദിക്കാനും പറയാനും ആളുണ്ട് എന്ന സ്ഥിതിയുണ്ടായത് ഡിഫെൻഡർ പ്രസിദ്ധീകരണം ആരംഭിച്ചതിനു ശേഷമാണ്. ആർക്കും എന്തും ആകാം എന്ന സ്ഥിതിക്ക് മാറ്റം വന്നിരിക്കുന്നു. തോന്ന്യാസം കാണിച്ചാൽ ഡിഫെൻഡറിൽ വാർത്തവരും എന്ന് ഏവർക്കുമറിയാം.

സുരേഷ് ബാബുവിനേപ്പോലുള്ള കള്ളൻമാരുടെ ജനസ്വാധീനം ഒരളവോളമെങ്കിലും കുറയ്ക്കാൻ ഡിഫെൻഡറിനു കഴിഞ്ഞു. ഏതു കള്ളനേയും സ്വീകരിക്കാൻ തയ്യാറുള്ളവർ ഉള്ളിടത്തോളം കാലം ഇത്തരം നീചൻമാർക്ക് അഷ്ടിക്കു മുട്ടുവരില്ല.

കെ.എ.ഏബ്രഹാമിനേപ്പോലുള്ള കടലാസ് പുലികളുടെ തനിനിറം തുറന്നുകാട്ടാൻ ഡിഫെൻഡറിന് കഴിഞ്ഞു. ഇയാളേപ്പോലുള്ളവർ സ്റ്റേജിൽ നിന്ന് വിളിച്ചു കൂവുന്ന വിഡ്ഢിത്തങ്ങൾ കേട്ട് കൈയ്യടിക്കുന്നവരുടെ സംഖ്യയിൽ കുറവുവരുത്താൻ ഡിഫെൻഡറിന് കഴിഞ്ഞു.

ദുർന്നടപ്പ്, കള്ളപ്രവചനം, തട്ടിപ്പ് തുടങ്ങിയവയുമായി നടന്ന നിരവധി ആളുകളെ മാനസാന്തരത്തിലേക്കു നയിക്കാൻ ഡിഫെൻഡറിന് കഴിഞ്ഞിട്ടുണ്ട്. ഇത്തരക്കാരേപ്പറ്റിയുള്ള വിശദാംശങ്ങൾ തുറന്നു പറയുന്നത് ഗുണത്തേക്കാളേറെ ദോഷം ചെയ്യും എന്നതിനാൽ കൂടുതലായി ഒന്നും പറയുന്നില്ല.

റ്റി.എസ്.ബാലൻ എന്ന ഞാൻ വ്യക്തിപരമായി ഏറെ കഷ്ടനഷ്ടങ്ങൾ സഹിക്കാൻ ഡിഫെൻഡർ കാരണമായി എന്നതാണ് എടുത്തു പറയേണ്ട കോട്ടം. പക്ഷേ പ്രതികൂലങ്ങളിൽ ഞാൻ തകർന്നില്ല, തളർന്നില്ല.

ഡിഫെൻഡർ പൂർണ്ണമായ വിജയമോ പൂർണ്ണമായ പരാജയമോ അല്ല. ചില രംഗങ്ങളിൽ ഡിഫെൻഡർ വിജയിച്ചു. ചില രംഗങ്ങളിൽ ഒട്ടൊക്കെ വിജയിച്ചു. ഡിഫെൻഡറിന് കാര്യമായ സ്വാധീനം ചെലുത്താൻ കഴിഞ്ഞിട്ടില്ലാത്ത മേഖലകളുമുണ്ട്. എങ്കിലും ഡിഫെൻഡർ തളരുന്നില്ല. എന്തെല്ലാം എതിർപ്പുകളും പ്രതികൂലങ്ങളും പ്രശ്നങ്ങളും ഉണ്ടായാലും അവയെയെല്ലാം അവഗണിച്ചുകൊണ്ട് ഡിഫെൻഡർ മുൻപോട്ടുതന്നെ പോകും.



## ഡിഫെൻഡർ ആയുഷ്ക്കാല വരിസംഖ്യ സ്വീകരിക്കുന്നു

അഭ്യുദയകാംക്ഷികളുടെ നിരന്തരമായ അഭ്യർത്ഥന മാനിച്ച് ഡിഫെൻഡർ ആയുഷ്ക്കാല വരിസംഖ്യ സ്വീകരിക്കാൻ തീരുമാനിക്കുകയാണ്. (ആയുഷ്ക്കാലം എന്നതുകൊണ്ട് വരിക്കാരന്റെ ആയുഷ്ക്കാലമെന്നല്ല റ്റി.എസ്. ബാലന്റെ ആയുഷ്ക്കാലമെന്നാണ് അർത്ഥമാക്കുന്നതെന്ന് വ്യക്തമാക്കട്ടെ. കാരണം, റ്റി.എസ്.ബാലൻ മരിക്കുന്നതോടെ ഡിഫെൻഡറും ഇല്ലാതാകും.)

ഡിഫെൻഡറിന്റെ ആയുഷ്ക്കാല വരിക്കാരാകുവാൻ ആഗ്രഹിക്കുന്നവർ 1000 (ആയിരം) രൂപ രണ്ടാം പേജിൽ കാണുന്ന വിലാസത്തിൽ ചെക്ക്/ഡി.ഡി/മണിയോഡർ അയയ്ക്കുക. ചെക്ക്/ഡി.ഡി. എന്നിവ T.S.Balan എന്ന പേരിൽ മാത്രം എടുക്കാൻ ശ്രദ്ധിക്കുക. കൂടുതൽ വിവരങ്ങൾക്ക്:

**Ph: 0484-3232356. Mob: 9447414608**

# ഇന്റർനെറ്റ് റേഡിയോ: റ്റി.എസ്.ബാലൻ വഹ

റ്റി.എസ്.ബാലൻ എന്ന ഈയുള്ളവൻ ഒരു ഇന്റർനെറ്റ് റേഡിയോ ആരംഭിക്കയാണ്. എല്ലാവിധത്തിലുള്ള പ്രതികൂലങ്ങളേയും അതിജീവിച്ചുകൊണ്ട് ഡിഫെൻഡർ 11-ാം വർഷത്തിലേക്കു കടക്കുന്നതിന്റെ സന്തോഷം കൊണ്ട് ഇങ്ങനെയൊരു സാഹസത്തിന് മുതിരുകയാണ്.

സാഹസം എന്ന വാക്കു പയോഗിച്ചത് മന:പൂർവ്വമാണ്. കിടക്കാടം പോലും ഇല്ലാത്ത ഈയുള്ളവൻ ഏറെ പണച്ചെലവുള്ള ഇത്തരം ഒരു സംരംഭത്തിന് ഇറങ്ങുന്നതു സാഹസമല്ലെങ്കിൽ പിന്നെ എന്താണ്? പെന്തക്കോസ്തിലെ ഏറ്റവും വലിയ മഹാപാപി റ്റി.എസ്.ബാലനാണ് എന്ന കാര്യത്തിൽ മിക്കവർക്കും സംശയമൊന്നുമില്ല. അതുകൊണ്ട് ഈ സംരംഭത്തെ സഹായിക്കാൻ ഏറെപ്പേരൊന്നും ഉണ്ടാകില്ലെന്നറിയാം. എങ്കിലും ഞാൻ ഇതിന് തയ്യാറാകുകയാണ്.

എന്താണ് ഇന്റർനെറ്റ് റേഡിയോ എന്ന് അറിവില്ലാത്തവരുണ്ടാകാം. അങ്ങനെയുള്ളവരുടെ അറിവിലേക്കായി പറയട്ടെ: സാധാരണ റേഡിയോയിൽ കേൾക്കുന്നതുപോലെ വിവിധതരം പരിപാടികൾ ഇന്റർനെറ്റിലൂടെ കേൾക്കാൻ കഴിയുന്ന പദ്ധതിയാണിത്. ഇന്റർനെറ്റ് റേഡിയോ കേൾക്കാൻ റേഡിയോ സെറ്റ് വേണ്ട എന്നതാണ് പ്രധാന വ്യത്യാസം. പക്ഷേ ഇന്റർനെറ്റ് കണക്ഷനുള്ള കമ്പ്യൂട്ടർ വേണം.

കമ്പ്യൂട്ടറും ഇന്റർനെറ്റും മറ്റും ഇക്കാലത്ത് ആഡംബരമല്ല ആവശ്യമാണ്. സാധാരണക്കാർക്കുപോലും വാങ്ങാവുന്നത്ര കുറഞ്ഞ വിലയേ കമ്പ്യൂട്ടറിനുള്ളൂ. ഇന്റർനെറ്റ് കണക്ഷനെടുക്കാനും വലിയ ബുദ്ധിമുട്ടില്ല. അതുകൊണ്ട്, ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരൊഴികെ ആർക്കും ഇന്റർനെറ്റ് റേഡിയോ പ്രയോജനം ചെയ്യും.

The Bible Radio എന്നാണ് ഡിഫെൻഡറിന്റെ ഇന്റർനെറ്റ് റേഡിയോ അറിയപ്പെടുക. www.thebibleradio.com എന്നതാണ് വെബ്സൈറ്റ് അഡ്രസ്സ്. ഡിഫെൻഡറിന്റെ വെബ്സൈറ്റായ www.tsbalan.com എന്ന വിലാസത്തിലും റേഡിയോ കേൾക്കാവുന്നതാണ്. വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

റ്റി.എസ്.ബാലൻ എന്ന ഈയുള്ളവൻ ഒരു മൗലികവാദിയാണെന്ന് ഏവർക്കും അറിയാമല്ലോ. എല്ലാം ശരി എന്ന വാദവുമായി ഒരുവിധത്തിലും പൊരുത്തപ്പെടുന്ന ആളല്ല ഞാൻ. അതുകൊണ്ട് അതിരുകടന്ന ഹൃദയവിശാലതയൊന്നും ബൈബിൾ റേഡിയോയിൽ പ്രതീക്ഷിക്കേണ്ടതില്ല. വിശാലത എന്നതുകൊണ്ട് ഉപദേശ വിഷയങ്ങളിലുള്ള അയവ് എന്നാണ് അർത്ഥമാക്കുന്നത്. വീണ്ടും ജനനം പ്രാപിച്ചവർ, വീണ്ടും ജനനം പ്രാപിക്കാത്തവർ എന്നിങ്ങനെയുള്ള വിവേചനം കർശനമായി പാലിക്കുന്നതാണ്. വീണ്ടുംജനനം പ്രാപിക്കാത്തവരുടെ പ്രോഗ്രാമുകൾ ബൈബിൾ റേഡിയോയിലൂടെ പ്രക്ഷേപണം ചെയ്യുന്നതല്ല.

രക്ഷയെ ബാധിക്കുന്നത്ര ഗുരുതരമായ ദുരുപദേശങ്ങൾ ഒരുവിധത്തിലും പ്രചരിപ്പിക്കയില്ല. നിസ്സാരങ്ങളായ അഭിപ്രായ വ്യത്യാസങ്ങൾ ഗൗരവമായി എടുക്കുകയുമില്ല. പേര് സൂചിപ്പിക്കുന്നതുപോലെ ബൈബിളിന് ഒന്നാംസ്ഥാനം കൊടുക്കുന്നതാണ്. സത്യവചനം പ്രചരിപ്പിക്കയാണ് ബൈബിൾ റേഡിയോയുടെ ലക്ഷ്യം.

പ്രാരംഭ ദിവസങ്ങളിൽ പ്രസംഗം, പാട്ട് തുടങ്ങിയവ മാത്രമേ ഉണ്ടാകൂ. വീട്ടിലൊരു ബൈബിൾ സ്കൂൾ, പുതിയനിയമത്തിൽ നിന്ന് 10 പ്രസംഗങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തിയിട്ടുണ്ട്. കുറെ ആത്മീയ ഗീതങ്ങളും ഇപ്പോൾ കേൾക്കാവുന്നതാണ്. കൂടാതെ, ബ്രദർ സന്തോഷ് പി. ഏബ്രഹാം തയ്യാറാക്കിയ "ഭക്തന്റെ മരണം യഹോവയ്ക്ക് വിലയേറിയത്" എന്ന സി.ഡിയും ഉൾപ്പെടുത്തുന്നു.

ദൈവമക്കൾ തയ്യാറാക്കിയിട്ടുള്ള പ്രസംഗങ്ങൾ, പാട്ടുകൾ തുടങ്ങിയവ അയച്ചുതന്നാൽ പ്രക്ഷേപണം ചെയ്യുന്നതാണ് കോപ്പിറൈറ്റുള്ള വ്യക്തിയുടെ സമ്മതപത്രവും ഒപ്പം അയയ്ക്കുക. നിങ്ങളുടെ അനുഭവസാക്ഷ്യം എം.പി.3 ഫോർമാറ്റിൽ റിക്കാഡ് ചെയ്ത് അയച്ചുതന്നാൽ പ്രക്ഷേപണം ചെയ്യാം.

വചനവിരുദ്ധമല്ലാത്ത പരസ്യങ്ങളും ബൈബിൾ റേഡിയോയിൽ ഉൾപ്പെടുത്തും. വൈവാഹിക പരസ്യങ്ങൾ, കൺവെൻഷനുകളെ സംബന്ധിക്കുന്ന പരസ്യങ്ങൾ, സി.ഡികളും പുസ്തകങ്ങളും സംബന്ധിക്കുന്ന വിവരങ്ങൾ തുടങ്ങിയവ തികച്ചും സൗജന്യമായി പ്രക്ഷേപണം ചെയ്യും. ബൈബിൾ റേഡിയോയിലൂടെ പ്രക്ഷേപണം ചെയ്യുന്ന പരിപാടികൾ, പരസ്യങ്ങൾ തുടങ്ങിയവക്ക് ഒരുവിധത്തിലുള്ള ചാർജും ഈടാക്കുന്നതല്ല.

രക്ഷിക്കപ്പെടാത്തവർ, ദുരുപദേശക്കാർ, ദുർന്നടപ്പുകാർ തുടങ്ങിയവരുടെ പരിപാടികൾ ബൈബിൾ റേഡിയോയിൽ പ്രക്ഷേപണം ചെയ്യുന്നതല്ല. പ്രസംഗകർ, ഗായകർ തുടങ്ങിയവർ വീണ്ടുംജനനം പ്രാപിച്ചവരായിരിക്കണം എന്ന കാര്യത്തിൽ ഞങ്ങൾക്കു നിർബ്ബന്ധമുണ്ട്.

ഇത് ആത്മീയ യുദ്ധമാണ് - സാത്താനെതിരായുള്ള യുദ്ധം. വീണ്ടെടുക്കപ്പെട്ട ദൈവമക്കളാണ് സാത്താനെതിരായി പോരാടേണ്ടത്. രക്ഷയെന്നാൽ എന്തെന്നുപോലും അറിയാത്തവർക്ക് ഈ യുദ്ധത്തിൽ പങ്കും ഓഹരിയുമില്ല. (ബൈബിൾ റേഡിയോ ചെറിയ ഒരു സംരംഭമാണ്. പക്ഷേ പവ്വർ വിഷന്റെ നിലവാരത്തിലേക്ക് താഴാൻ തയ്യാറല്ല എന്നു ചുരുക്കം).

ഇന്റർനെറ്റ് റേഡിയോ തുടങ്ങാൻ റ്റി.എസ്.ബാലന് പണം എവിടെനിന്നുകിട്ടി എന്നു ചോദിക്കുന്നവരുണ്ടാകാം. അതിനുള്ള മറുപടി ഇതാണ്:

1. എന്റെ സ്വന്തം പണം ഉപയോഗിച്ച് വെബ്സൈറ്റ് രജിസ്റ്റർ ചെയ്തു. വെബ്സൈറ്റ് ഡിസൈൻ ചെയ്തതും ഞാൻ തന്നെ.
2. റേഡിയോ പ്രക്ഷേപണം ചെയ്യാനുള്ള സേർവറിനുള്ള ഫീസ് സുവിശേഷസ്നേഹിയായ ഒരു സുഹൃത്ത് കൊടുത്തു.
3. 200ൽ അധികം മണിക്കൂർ ദൈർഘ്യമുള്ള പ്രസംഗങ്ങൾ ഞാൻ തയ്യാറാക്കിയിട്ടുള്ളതിനാൽ തത്ക്കാലം പ്രസംഗങ്ങൾക്ക് പഞ്ഞമില്ല. മാത്രമല്ല, കൂടുതൽ പ്രസംഗങ്ങൾ തയ്യാറാക്കാൻ ബുദ്ധിമുട്ടുമില്ല. കൂടാതെ, കുറെ പാട്ടുകളും പ്രസംഗങ്ങളും ലഭിച്ചിട്ടുമുണ്ട്. അതുകൊണ്ട് 24 മണിക്കൂറും, മുടക്കം കൂടാതെ പ്രക്ഷേപണം ചെയ്യാൻ കഴിയും.

ഈ പദ്ധതിയുമായി സഹകരിക്കാൻ തയ്യാറുള്ള ദൈവമക്കൾ ദയവായി എന്നെ ഫോണിലോ ഈമെയിലിലോ ബന്ധപ്പെടുക. (വീണ്ടും ജനനം പ്രാപിക്കാത്തവർ, ദുർന്നടപ്പുകാർ, പിൻമാറ്റക്കാർ തുടങ്ങിയവരുടെ സഹായം സ്വീകരിക്കുന്നതല്ല).




## ബൈബിൾ റേഡിയോ ശ്രവിക്കുവാൻ എന്തുചെയ്യണം?

**1. രജിസ്റ്റർ ചെയ്യുക.**

ബൈബിൾ റേഡിയോ ശ്രവിക്കുവാൻ ആഗ്രഹിക്കുന്നവർ ആദ്യമായി രജിസ്റ്റർ ചെയ്യുക. www.tsbalan.com അല്ലെങ്കിൽ www.thebibleradio.com എന്ന വെബ്സൈറ്റിന്റെ ഇടതുവശത്തു കാണുന്ന Register For Free എന്ന ലിങ്കിൽ ക്ലിക് ചെയ്യുക. ഒരു മെയിൽ ഫോം തുറക്കും. ഈ ഫോം പൂരിപ്പിച്ച് സബ്മിറ്റ് ചെയ്യുക. അതിനുശേഷം നിങ്ങളുടെ ഈമെയിൽ പരിശോധിക്കുക. www.live365.com എന്ന സൈറ്റിൽ നിന്നും ഒരു ഈമെയിൽ ലഭിച്ചതായി കാണാം. ആ മെയിലിൽ കാണുന്ന ലിങ്കിൽ ക്ലിക് ചെയ്ത് രജിസ്ട്രേഷൻ ആക്ടിവേറ്റ് ചെയ്യുക.

പിന്നീട് എപ്പോഴെങ്കിലും ലോഗ് ഇൻ ചെയ്യാൻ ആവശ്യപ്പെട്ടാൽ നിങ്ങളുടെ യൂസർ ഐഡി, പാസ്‌വേഡ് എന്നിവ ഉപയോഗിച്ച് ലോഗ് ഇൻ ചെയ്യുക. Remember Me എന്ന ബോക്സ് ചെക്ക് ചെയ്താൽ പിന്നീട് ലോഗ് ഇൻ ചെയ്യുന്നത് ഒഴിവാക്കാനാവും.

**2. പ്ലേയർ ഡൗൺലോഡ് ചെയ്യുക.**

ഏതു മീഡിയ പ്ലെയറിലും ബൈബിൾ റേഡിയോ കേൾക്കാൻ കഴിയുമെങ്കിലും Live365 Player പ്ലേയർ ഉപയോഗിക്കുന്നതാണ് സൗകര്യം. വളരെ ചെറിയ ഒരു പ്രോഗ്രാമാണിത്. ഏതാനും സെക്കന്റുകൾ കൊണ്ട് ഡൗൺലോഡ് ചെയ്യാൻ കഴിയും. അതിനായി Install the Player എന്ന ലിങ്കിൽ ക്ലിക് ചെയ്യുക. മറ്റൊരു പേജ് തുറക്കും. അതിൽ ഡൗൺലോഡ് എന്ന ലിങ്ക് ക്ലിക് ചെയ്യുക.

**3. റേഡിയോ ഓൺ ചെയ്യുക.**

ബൈബിൾ റേഡിയോ ശ്രവിക്കുവാൻ Switch on the Radio എന്ന ലിങ്കിൽ ക്ലിക് ചെയ്യുക. മറ്റൊരു പേജ് തുറക്കും. അതിൽ Play എന്ന ബട്ടൺ ക്ലിക് ചെയ്യുക. ഏതാനും നിമിഷങ്ങൾക്കകം റേഡിയോ കേൾക്കാവുന്നതാണ്.

**പ്രത്യേക ശ്രദ്ധക്ക്:**

ആദ്യത്തെ രണ്ടു സ്റ്റെപ്പുകൾ ഒരുവട്ടം മാത്രം ചെയ്താൽ മതിയാകും. പിന്നീട് റേഡിയോ കേൾക്കുവാൻ Switch on the Radio എന്ന ലിങ്കിൽ ക്ലിക് ചെയ്യുക മാത്രമേ ചെയ്യേണ്ടതുള്ളൂ.

RNI No. 68089 / 97
2007 December 1

THE DEFENDER

REGISTERED
KL/ALY/0031/2006-08

# തട്ടിപ്പിന്റെ സുവിശേഷവുമായി സ്റ്റാൻലി

സുവിശേഷത്തിന്റെ മറവിൽ എന്തു തട്ടിപ്പും നടത്താമെന്നതിന്റെ ഉത്തമോദാഹരണമാണ് സ്റ്റാൻലി സൈമണിന്റെ കഥ. പച്ചക്കള്ളങ്ങൾ പറഞ്ഞ് ഈ നീചൻ കോടിക്കണക്കിനു രൂപ തട്ടിയെടുത്തുകഴിഞ്ഞു.

ബാസിൽഡൻ ഹീലിംഗ് മിഷൻ എന്ന പ്രസ്ഥാനം നടത്തുന്ന ബിഷപ്പ് ടോണി-മെർലിൻ ദമ്പതികളെയാണ് സ്റ്റാൻലി പ്രധാനമായും കബളിപ്പിക്കുന്നത്. ഇന്ത്യയിൽ നൂറുകണക്കിന് മിഷനറിമാർ തന്റെ കീഴിൽ പ്രവർത്തിക്കുന്നതായി സ്റ്റാൻലി റിപ്പോർട്ട് കൊടുത്തിട്ടുണ്ട്. ഇത് ശരിയാണെന്നു തെറ്റിദ്ധരിച്ചാണ് സായിപ്പ് പണം കൊടുക്കുന്നത്.



സ്റ്റാൻലി സൈമൺ ഭാര്യസീനത്തിനോടൊപ്പം (പഴയ ചിത്രം)

സൗത്ത് ഏഷ്യൻ ഇവാഞ്ചലിക്കൽ മിഷൻ എന്നൊരു കടലാസ് സംഘടന സ്റ്റാൻലി ഉണ്ടാക്കിയിട്ടുണ്ട്. പഴമ്പാലക്കോട്ടാണ് ഓഫീസെങ്കിലും അവിടെ നിൽക്കക്കളളിയില്ലാത്തതുകൊണ്ട് കോഴഞ്ചേരിക്കു സമീപമുളള പുന്നയ്ക്കാട്ടാണ് താത്ക്കാലിക ഓഫീസ്. സ്റ്റാൻലിയെ കൂടാതെ ഷാജിമോൻ എന്നൊരാളും ഇരുവരുടേയും കുടുംബാംഗങ്ങളുമാണ് സംഘടനയുടെ മറ്റു ഭാരവാഹികൾ. ഇവരെല്ലാം ചേർന്ന് ഇന്ത്യയെ സുവിശേഷീകരിച്ചുകൊണ്ടിരിക്കയാണ്.

വിസ തട്ടിപ്പ് നടത്തിയാണ് സ്റ്റാൻലി പോക്കറ്റ് മണി ഉണ്ടാക്കുന്നത്. മലേഷ്യ, സിങ്കപ്പൂർ, മൗറീഷ്യസ്, നൈജീരിയ തുടങ്ങി ഏതെങ്കിലും ഒരു രാജ്യത്തേക്ക് വിസ ശരിയാക്കി കൊടുക്കാമെന്നു പറഞ്ഞ് പണം തട്ടുകയാണ് ചെയ്യുന്നത്. ചില ഉദാഹരണങ്ങൾ.

മഹാരാഷ്ട്രക്കാരനായ സുനിൽ എന്ന സുവിശേഷകന് ഒരു ആഫ്രിക്കൻ രാജ്യത്ത് പാസ്റ്ററായി ജോലി വാഗ്ദാനം ചെയ്ത് 42,000 രൂപ വാങ്ങി. വിസയും ടിക്കറ്റുമായി ബോംബെ എയർപോർട്ടിൽ എത്താമെന്നു വാക്കു പറയുകയും ചെയ്തു. പറക്കാൻ തയ്യാറായി സുനിൽ എയർപോർട്ടിൽ എത്തിയപ്പോൾ സ്റ്റാൻലിയില്ല. ഒടുവിൽ, വളരെ പാടുപെട്ട്, പാസ്പോർട്ട് തിരികെവാങ്ങി.

മറ്റൊരു യുവ സുവിശേഷകന് മലേഷ്യയിൽ വലിയ ശുശ്രൂഷ വാഗ്ദാനം ചെയ്ത് സ്റ്റാൻലി പണം വാങ്ങി. മലേഷ്യയിൽ എത്തിയപ്പോഴാണ് ഈ സുവിശേഷകൻ ചതി മനസ്സിലാക്കിയത്. പുറത്തിറങ്ങിയാൽ എങ്ങനെ ജീവിക്കും എന്ന് മലേഷ്യൻ ഉദ്യോഗസ്ഥർ ചോദിച്ചു. ഇയാളുടെ കൈയ്യിൽ പണമില്ല. കൂട്ടിക്കൊണ്ടു പോകാൻ ആളുമില്ല. ആദ്യമായാണ് അയാൾ വിദേശത്തു പോകുന്നത്. ഏതായാലും മൂന്നു ദിവസം എയർപോർട്ടിൽ ഇരുന്നിട്ട് അയാൾ മടങ്ങിപ്പോന്നു.

എറണാകുളം ഭാഗത്തുളള ചില പാസ്റ്റർമാരെ കബളിപ്പിച്ചത് മറ്റൊരു വിധത്തിലായിരുന്നു. മൗറീഷ്യസിൽ നടക്കുന്ന ഒരു കോൺഫ്രൻസിൽ പങ്കെടുക്കാൻ സ്റ്റാൻലി വിസ സംഘടിപ്പിച്ചുകൊടുക്കും. എല്ലാ ചെലവും അടക്കം 60,000 രൂപ നൽകണം. കോൺഫ്രൻസ് കഴിഞ്ഞ് മൗറീഷ്യസിൽ കറങ്ങാം. അവിടെനിന്ന് വിവിധ ആഫ്രിക്കൻ രാജ്യങ്ങളിലേക്കു പോകാം. ചുരുക്കത്തിൽ നല്ലൊരു തുകയുമായി മടങ്ങിവരാം. അങ്ങനെ അവർ പണം നൽകി. അവർ മൗറീഷ്യസിലെത്തി കോൺഫ്രൻസിൽ പങ്കെടുക്കുകയും ചെയ്തു. അപ്പോഴാണ് തങ്ങൾ വഞ്ചിക്കപ്പെട്ട കാര്യം അറിയുന്നത്. താമസം, ഭക്ഷണം തുടങ്ങിയവയെല്ലാം സംഘാടകർ സൗജന്യമായി കൊടുക്കുന്നതാണ്. വിസ ലഭിക്കാൻ പണച്ചെലവും ഇല്ലായിരുന്നു. ടിക്കറ്റ് എടുക്കാനുളള ചെലവു മാത്രമേ യഥാർത്ഥത്തിലുളളൂ. ആഫ്രിക്കയിൽ കറങ്ങിയാൽ പണം കിട്ടുകയുമില്ല. ചുരുക്കത്തിൽ, സ്റ്റാൻലി ഈ പാസ്റ്റർമാരെ ചതിക്കയായിരുന്നു. ഇങ്ങനെ ഒട്ടേറെ ആളുകൾ സ്റ്റാൻലിയുടെ തട്ടിപ്പിന് ഇരയായിട്ടുണ്ട്.

കണ്ടാലും കൊണ്ടാലും പഠിക്കാത്തവരാണ് പെന്തക്കോസ്തുകാർ. സ്റ്റാൻലിയേപ്പോലുളള തട്ടിപ്പുകാർക്കെതിരെ ഡിഫെൻഡർ നിരന്തരം എഴുതിക്കൊണ്ടിരിക്കയാണ്. എന്നിട്ടും ദൈവജനം ചതിയിൽ വീഴുന്നു. ഡിഫെൻഡർ വായിച്ചാൽ ശാപമുണ്ടാകുമെന്നും നരകത്തിൽ പോകുമെന്നും മറ്റുമാണ് പാസ്റ്റർമാർ പ്രചരിപ്പിക്കുന്നത്. അതു വിശ്വസിക്കുന്ന സാധാരണക്കാരായ വിശ്വാസികൾ സ്റ്റാൻലിയേപ്പോലുളളവരുടെ തട്ടിപ്പ് ഗ്രഹിക്കാതെപോകുന്നു. വിശ്വാസികൾ മാത്രമല്ല പാസ്റ്റർമാരും ഇത്തരം ചതിയിൽ അകപ്പെടുന്നു. സ്റ്റാൻലിയുടെ വഞ്ചനയിൽ കുടുങ്ങിയവരിൽ ഭൂരിപക്ഷവും പാസ്റ്റർമാരാണല്ലോ.

സ്റ്റാൻലിയും സായിപ്പും പരിവാരങ്ങളും മിഷൻ ഓഫീസിൽ



## വീട്ടിൽ ഒരു ബൈബിൾസ്ക്കൂൾ

വീട്ടിലിരുന്ന്, പരസഹായം കൂടാതെ, ദൈവവചനം പഠിക്കാൻ സഹായകമായ എം.പി.3 ഓഡിയോ സീഡികൾ. കമ്പ്യൂട്ടറിലും വി.സി.ഡി./ഡി.വി.ഡി പ്ലെയറിലും ഉപയോഗിക്കാം. ഒരു സി.ഡിയിൽ 10 മണിക്കൂർ ദൈർഘ്യമുളള ക്ലാസ്സ്. 10 സി.ഡികളിലായി 100 മണിക്കൂർ ദൈർഘ്യമുളള ക്ലാസ്സ്. വില: 900 രൂപ.

**വിഷയവിവരം:**

സി.ഡി.-1: അടിസ്ഥാന വേദോപദേശങ്ങൾ (രക്ഷ, സ്നാനം, പരിശുദ്ധാത്മസ്നാനം, വേർപാട്, കൂട്ടായ്മ, തിരുവത്താഴം, പ്രാർത്ഥന, വിശ്വാസജീവിതം തുടങ്ങിയവ).
സി.ഡി.-2: കൾട്ടുകൾ (കൾട്ടിന്റെ ലക്ഷണങ്ങൾ, യഹോവാസാക്ഷികൾ, ശാബതുകാർ, ബ്രൻഹാമിസം, റ്റി.പി.എം, മൊർമോൺ, ആത്മാവ്, നരകം, ത്രിത്വം.....).
സി.ഡി.-3: ആത്മലോകം (അദൃശ്യലോകം, കൃപാവരങ്ങൾ, ആത്മവിവശത, ദൈവദൂതൻമാർ, സാത്താന്യ തന്ത്രങ്ങൾ, ഭൂതബാധ, ഒക്കൾട്ട്, വഞ്ചിക്കുന്ന പിശാച്).
സി.ഡി.-4: ദുരുപദേശങ്ങൾ (ഉപദേശവും ദുരുപദേശവും, സ്വർഗ്ഗരാജ്യം, പൗരോഹിത്യം, കൂദാശകൾ, കന്യാമറിയം, വിശുദ്ധൻമാർ, സെന്റ് തോമസ്, പെരുന്നാളുകൾ).
സി.ഡി.5: ലോക മതങ്ങൾ (മതങ്ങളുടെ ഉത്ഭവം, ഹിന്ദുമതം, പ്രജാപതിപ്രശ്നം, ഇസ്ലാംമതം, ബുദ്ധമതം, ജൈനമതം, സിക്ക് മതം, സൊരവാസ്ട്രിയൻ മതം.....).
സി.ഡി.-6: വ്യാഖ്യാനശാസ്ത്രം (പഴയനിയമവ്യാഖ്യാനം, പുതിയനിയമവ്യാഖ്യാനം).
സി.ഡി.-7: ഭാവികാലശാസ്ത്രം (ഭാവികാലവും ബൈബിളും, മരണാനന്തരജീവിതം, യേശുവിന്റെ മടങ്ങിവരവ്, 70 ആഴ്ചവട്ടം, വെളിപ്പാടുപുസ്തകം, ന്യായവിധികൾ).
സി.ഡി.-8: ബൈബിളിൽ തെറ്റുണ്ടോ? (ബൈബിളിൽ തെറ്റുണ്ടെന്നു വാദിക്കുന്നവർ ഉന്നയിക്കുന്ന സംശയങ്ങൾക്കുളള മറുപടികൾ).
സി.ഡി.-9: ദൈവശാസ്ത്രപരമായ സംശയങ്ങൾ (ദൈവശാസ്ത്രവുമായി ബന്ധപ്പെട്ടുണ്ടാകുന്ന സംശയങ്ങൾക്കുളള മറുപടികൾ).
സി.ഡി.-10: ധാർമ്മിക പ്രശ്നങ്ങൾ (ആത്മാവിന്റെ പ്രമാണം, വൈവാഹിക പ്രശ്നങ്ങൾ, കുടുംബജീവിതം, മദ്യവും മയക്കുമരുന്നും, ആഭരണപ്രശ്നം തുടങ്ങിയവ).

## നിങ്ങൾക്കും പ്രസംഗകനാകാം

പുതിയനിയമത്തിൽ നിന്ന് 100 പ്രസംഗങ്ങളാണ് ഈ സി.ഡികളിൽ ഉളളത്. എം.പി.3 ഫോർമാറ്റിൽ 10 സി.ഡികൾ. ദൈവവചനത്തെ ദുർവ്യാഖ്യാനം ചെയ്യുന്നത് ഒഴിവാക്കുന്നതിനും വസ്തുനിഷ്ഠമായി ദൈവവചനം പ്രസംഗിക്കുന്നതിനും സഹായകം. ദൈവവചനം പ്രസംഗിക്കുന്നവർക്കുവേണ്ടി തയ്യാറാക്കിയത്. വില: 900 രൂപ.

സി.ഡി.-1: പുതിയനിയമം, പ്രോഗ്രസ് റിപ്പോർട്ട്, അജ്ഞാതദേവൻ, പ്രാകൃതമനുഷ്യൻ, എല്ലാം നൻമക്കായി, നിർമ്മല കന്യക, അധർമ്മത്തിന്റെ മർമ്മം, പരിശോധന, ഇവയിലധികമായി, നല്ല ശമര്യാക്കാരൻ.... തുടങ്ങിയവ.
സി.ഡി.-2: സ്നാപകൻ, കളളൻമാരുടെ ഗുഹ, മറുരൂപമലയിൽ, ധനവാനും ലാസറും, വചനംജഡമായി, ജീവജലം, സാക്ഷികൾ, എലീമാസ്, ചെന്നായ്ക്കൾ, സുവിശേഷം.
സി.ഡി.-3: നസ്രായൻ, നഷ്ടപ്പെട്ടവ, കാനായിൽ, വേലക്കാർ, ഓഡിനേഷൻ, വിപ്ലവം, പത്തുകന്യകമാർ, സത്യസുവിശേഷം, ന്യായവിധി, സാത്താന്റെ ദൂതൻ.
സി.ഡി.-4: ആത്മീയയുദ്ധം, വേർപാട്, ഓട്ടക്കളത്തിൽ, ഏക മദ്ധ്യസ്ഥൻ, ദുരുപദേശം, ഒനേസിമൊസ്, ഏകലക്ഷ്യം, മരിച്ചവരോടും, പ്രതിരോധം, വ്യാജൻമാർ.
സി.ഡി.-5: ദുരുപദേശക്കാർ, ദൈവമക്കൾ, ദുഷ്ടഹൃദയം, അടിസ്ഥാനം, ശുശ്രൂഷകർ, ഇണയല്ലാപ്പിണ, ശുദ്ധവും അശുദ്ധവും, പിതൃദേശം, ദൃഷ്ടാന്തങ്ങൾ, നല്ല ഇടയൻ.
സി.ഡി.-6: വെളിച്ചം, അത്ഭുതവിടുതൽ, ബലവാൻ, തൈലാഭിഷേകം, അടയാളങ്ങൾ, ദൈവംനട്ടത്, പൂർണ്ണസുവിശേഷം, ദേഹിയും ആത്മാവും, ശരിയായ സ്നാനം......
സി.ഡി.-7: പോരാട്ടം, യേശു ആര്?, സഭയെന്ന ദൈവാലയം, പാതാള ഗോപുരങ്ങൾ, സ്വർഗ്ഗരാജ്യം, ഇടർച്ചക്കാരൻ, പിൻമാറ്റം, മൂപ്പൻമാർ, തിരുവചനം, സൈമണി.
സി.ഡി.-8: മുന്തിരിവളളി, തിൻമയ്ക്കെതിരേ, നിത്യജീവൻ, അയയ്ക്കപ്പെട്ടവർ, എഴുന്നേറ്റുനടക്ക, പുനരുത്ഥാനം, നിത്യ പൗരോഹിത്യം, വീണ്ടുംജനനം......
സി.ഡി.-9: സത്യനമസ്ക്കാരം, ഉപവാസം, പാപം ചെയ്യാത്തവർ, കരുണയിൽ, തെറ്റിയൊഴിയുമോ, കുരുടൻമാർ, ശുശ്രൂഷകർ, മൂന്നു പരീക്ഷകൾ, തലീഥ കുമി....
സി.ഡി.-10: മാനസാന്തരപ്പെടുക, മരണപര്യന്തം, സാത്താന്റെ സിംഹാസനം, എല്ലാം കാണുന്നവൻ, ഉണരുക, തുറന്ന വാതിൽ, വാതിൽക്കൽ, ദൈവം മനുഷ്യരോടൊപ്പം.

വില: (ഇന്ത്യയിൽ) 10 സി.ഡികളുടെ സെറ്റ് - 900 രൂപ. രണ്ടു സെറ്റുകളും ചേർത്ത്-1800 രൂപ. പോസ്റ്റേജ് സൗജന്യം. വിദേശ രാജ്യങ്ങളിലേക്ക് സി.ഡികൾ സ്പീഡ് പോസ്റ്റിൽ അയയ്ക്കുന്നതാണ്. ഏതെങ്കിലും ഒരു സെറ്റ് - US$ 50 or Rs.2000/-. രണ്ടു സെറ്റുകളും ചേർത്ത്- US$ 100 or Rs.4000/-. പോസ്റ്റേജ് സൗജന്യം. യു.എ.ഇ., സൗദി എന്നീ ഗൾഫ് രാജ്യങ്ങളിൽ സി.ഡി നേരിട്ട് എത്തിച്ചുകൊടുക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് tsbalan@yahoo.com എന്ന ഈമെയിലിൽ ബന്ധപ്പെടുക. ബഹ്റിൻ: ബ്രദർ ആൻഡ്രൂസ്: Ph-39892236. മറ്റ് ഗൾഫ് രാജ്യങ്ങളിലുളളവർ വിലയും ഇന്ത്യയിലെ അഡ്രസ്സും അയയ്ക്കുക.

വില T.S.Balan എന്ന പേരിൽ ചെക്ക്/ഡി.ഡി./മണിയോഡർ ആയി താഴെ കാണുന്ന വിലാസത്തിൽ അയയ്ക്കുക.

പ്രത്യേക ശ്രദ്ധക്ക്: ഡിഫെൻഡറിന്റെ പേരിൽ ചെക്ക്/ഡി.ഡി അയയ്ക്കരുത്. ഡിഫെൻഡർ എന്ന പേരിൽ അക്കൗണ്ടില്ല.

**Address: T.S.Balan, Anand Bhavan, Near: KSRTC, Perumbavoor P.O., Ernakulam Dist. Pin. 683 542**

Printed, Published and Owned by Anish Balan, Anand Bhavan, Perumbavoor P.O., Printed at: Perumbavoor Printers. Published at Anand Bhavan Perumbavoor. Editor: Anish Balan